www.societytodaynews.com

2024 NOVEMBER
02
SATURDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വൻ കുടിശിക : ബംഗ്ലാദേശിനുള്ള വൈദ്യുതി വിതരണം ഭാഗികമായി നിർത്തി അദാനി ഗ്രൂപ്പ്

**ധാക്ക:** കുടിശ്ശിക വർധിച്ചതിനെത്തുടർന്ന് ബംഗ്ലാദേശിനുള്ള വൈദ്യുതി വിതരണം ഭാഗികമായി നിർത്തി അദാനി ഗ്രൂപ്പ്. 7,120 കോടി രൂപയോളം (84.6 കോടി ഡോളർ) കുടിശ്ശികയായതോടെയാണ് ഒക്ടോബർ 31 മുതൽ ബംഗ്ലദേശിലേക്കുള്ള വൈദ്യുതി വിതരണം ഭാഗികമായി അദാനി പവർ ജാർഖണ്ഡ് ലിമിറ്റഡ് കമ്പനി നിർത്തിവച്ചത്. 1,496 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിച്ചിരുന്ന അദാനി പ്ലാന്റിൽ ഇപ്പോൾ 700 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉൽപാദിപ്പിക്കുന്നതെന്ന് ബംഗ്ലദേശ് മാധ്യമം ദ് ഡെയ്‌ലി സ്റ്റാർ റിപ്പോർട്ട് ചെയ്തു.



ഒക്ടോബർ 30ന് മുൻപ് കുടിശ്ശിക അടയ്ക്കാൻ ബംഗ്ലാദേശ് പവർ ഡെവലപ്മെന്റ് ബോർഡിന് നിർദേശം നൽകണമെന്ന് അദാനി ഗ്രൂപ്പ് ബംഗ്ലാദേശ് പവർ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ഇത് അവഗണിക്കപ്പെട്ടതോടെയാണ് വൈദ്യുതി വിതരണത്തിൽ കുറവു വരുത്തിയത്.

# തീവണ്ടിയിൽ അൺ റിസർവ്ഡ് യാത്രക്കാരിൽ വൻ വർധന

**കണ്ണൂർ:** കേരളത്തിലെ റെയിൽവേ സ്‌റ്റേഷനുകളിൽ അൺ റിസർവ്ഡ് യാത്രക്കാരുടെ എണ്ണത്തിൽ വൻ വർധന. മൂന്നുവർഷത്തിനിടെ കണ്ണൂർ റെയിൽവേ സ്‌റ്റേഷനിൽ കൂടിയത് 40.47 ലക്ഷം യാത്രക്കാർ. ദേശീയപാതയിലെ പണിത്തിരക്കിൽ യാത്രക്കാർ തീവണ്ടികളിലേക്ക് മാറിയതാണ് പ്രധാന കാരണം.

202122 ൽ കണ്ണൂർ റെയിൽവേ സ്‌റ്റേഷനിൽ നിന്ന് 8.01 ലക്ഷം ജനറൽ ടിക്കറ്റ് യാത്രക്കാരാണ് കയറിയത്. 202223 ൽ ഇത് 42.85 ലക്ഷമായി. 202324 സാമ്പത്തിക വർഷത്തെ കണക്ക് പ്രകാരം 48.49 ലക്ഷം യാത്രക്കാർ യാത്ര ചെയ്തു. വരുമാനം 2.66 കോടി രൂപയിൽ നിന്ന് 25.83 കോടി രൂപയായി .

202324 വർഷത്തെ കണക്ക് പ്രകാരം കോഴിക്കോട് സ്‌റ്റേഷനിൽ 84.29 ലക്ഷം യാത്രക്കാർ കയറി. കാസർകോട് 23.10 ലക്ഷം യാത്രക്കാരും തലശ്ശേരി 37.12 ലക്ഷം പേരും വടകര 38 ലക്ഷം യാത്രക്കാരും ഉണ്ട്.

യാത്രാത്തിരക്ക് കണക്കിലെടുത്താൽ മെമു സർവീസ് ഏറ്റവും കുറവ് കേരളത്തിലാണ്. പൂർണമായും കേരളത്തിലോടുന്നത് 10 മെമു മാത്രം. തിരുവനന്തപുരം ഡിവിഷനിൽ ഒൻപതും പാലക്കാട് ഡിവിഷനിൽ ഒന്നും. നിലവിൽ ഷൊർണൂർ മംഗളൂരു 307 കിലോമീറ്റർ റൂട്ടിൽ മെമു സർവീസ് ഇല്ല. കണ്ണൂർമംഗളൂരു (132 കി.മീ.) സെക്ഷനിൽ രാവിലെയും വൈകീട്ടും ഒരു അൺ ഡറിസർവ്ഡ് പാസഞ്ചർ മാത്രം. ഷൊർണൂർകണ്ണൂർ അൺറിസർവ്ഡ് വണ്ടി (06031) കാസർകോട്ടേക്ക് നീട്ടിയില്ല.

ആളില്ലാതെ കാലിയായി ഓടുന്ന എക്‌സ്പ്രസ് (പഴയ പാസഞ്ചർ) വണ്ടികളും ഒട്ടേറെയുണ്ട്. ഷൊർണൂർ കോഴിക്കോട് എക്‌സ്പ്രസ് (06455), മംഗളൂരുകോഴിക്കോട് എക്‌സ്പ്രസ് (16610) എന്നിവ അടക്കം സമയക്രമീകരണം നടത്തി ഓടിച്ചാൽ ആയിരക്കണക്കിന് യാത്രക്കാർക്ക് ഉപകാരമാകും.

# ഭൂമിക്ക് പുറത്തെ ജീവന്റെ തുടിപ്പ് തേടി, ഭാരതത്തിന്റെ ആദ്യത്തെ അനലോഗ് ബഹിരാകാശ ദൗത്യം ആരംഭിച്ചു



**ന്യൂദൽഹി:** ഭാരതത്തിന്റെ ആദ്യത്തെ അനലോഗ് ബഹിരാകാശ ദൗത്യത്തിന് തുടക്കം കുറിച്ച് ഐഎസ്ആർഒ. ലഡാക്കിലെ ലേയിലാണ് പുതിയ ദൗത്യം ആരംഭിച്ചിരിക്കുന്നത്. ഭൂമിക്ക് പുറത്തുള്ള ജീവന്റെ തുടിപ്പ് കണ്ടെത്തുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം.

ചൊവ്വയിലെയും ചന്ദ്രനിലെയും മറ്റ് ഗ്രഹങ്ങളിലെയും മനുഷ്യവാസ സാദ്ധ്യതകളും പഠനത്തിന്റെ ഭാഗമാകും. പുത്തൻ കണ്ടുപിടുത്തങ്ങൾക്കും ഭൂമിക്ക് പുറത്തുള്ള സാഹചര്യങ്ങൾ വിലയിരുത്തുന്നതിനും ദൗത്യം സഹായകരമാകുമെന്ന് ഐഎസ്ആർഒ എക്സിൽ കുറിച്ചു. ഹാബ് 1 എന്ന് പേരിട്ടിരിക്കുന്ന ചെറിയ പേടകത്തിലാണ് പഠനങ്ങൾ നടക്കുന്നത്.

മനുഷ്യരെ ബഹിരാകാശത്ത് എത്തിക്കുന്ന ഗഗൻയാൻ ദൗത്യത്തിനും ഭാവിയിൽ മറ്റ് ബഹിരാകാശ പര്യവേഷണങ്ങൾക്കും അനലോഗ് ബഹിരാകാശ ദൗത്യം കൂടുതൽ സംഭാവനകൾ നല്കും. മനുഷ്യരെ ബഹികാരാശത്ത് എത്തിക്കുന്നതിനും മറ്റു ഗ്രഹങ്ങളിലെ വാസയോഗ്യത അളക്കുന്നതിനും പുതിയ ദൗത്യം സഹായിക്കുമെന്നും ഐഎസ്ആർഒ വ്യക്തമാക്കി.

ഭൂപ്രകൃതി കണക്കിലെടുത്താണ് ഗവേഷകർ ലഡാക്കിലെ ലേ ദൗത്യത്തിനായി തിരഞ്ഞെടുത്തത്. ചന്ദ്രന്റെയും ചൊവ്വയുടെയും ഉപരിതലവുമായി ഏറെ അടുത്ത് കിടക്കുന്ന, ഭാരതത്തിലെ പ്രദേശമാണ് ലേ. ഇത് പഠനങ്ങൾ എളുപ്പത്തിലാക്കാൻ സഹായിക്കുന്നു. ബഹിരാകാശത്തെ കുറിച്ച് ദീർഘനാൾ നീണ്ടുനിൽക്കുന്ന പഠനങ്ങൾ നടത്താനും യോജിച്ച പ്രദേശമാണ് ലേയെന്നും ഗവേഷക സംഘം ചൂണ്ടിക്കാട്ടി.

ഐഎസ്ആർഒയുടെ ഹ്യൂമൻ സ്‌പേസ്ഫ്‌ളൈറ്റ് സെന്ററിന്റെ നേതൃത്വത്തിൽ ലഡാക്ക് ഓട്ടോണമസ് ഹിൽ ഡെവലമെന്റ് കൗൺസിൽ, യൂണിവേഴ്‌സിറ്റി ഓഫ് ലഡാക്ക്, ഐഐടി ബോംബെ എന്നിവയുടെ സഹകരണത്തോടെയാണ് ദൗത്യം നടപ്പാക്കുന്നത്.

# ഗാസയിൽ ഇസ്രയേൽ വ്യോമാക്രമണം 68 പേർ കൊല്ലപ്പെട്ടു

**ജറുസലം:** ചൊവ്വാഴ്ച നടക്കുന്ന യുഎസ് തിരഞ്ഞെടുപ്പിനു മുൻപായി ഗാസയിലും ലബനനിലും വെടിനിർത്തലിനുവേണ്ടിയുള്ള യുഎസ് ശ്രമങ്ങൾ തുടരുന്നതിനിടെ ഇസ്രയേൽ വ്യോമാക്രമണത്തിൽ ഗാസയിൽ 68 കൊല്ലപ്പെട്ടു. തെക്കൻ ഗാസ പട്ടണമായ ഖാൻ യൂനിസിൽ നടത്തിയ ആക്രമണത്തിൽ ഹമാസ് ഭീകരൻ ഇസ് അൽ ദിൻ കസബ് കൊല്ലപ്പെട്ടു. ഗാസയിലെ മറ്റു സംഘടനകളുമായി ഏകോപിപ്പിക്കുന്നതിന്റെ ചുമതലയുണ്ടായിരുന്ന ഇസ് അൽ ദിൻ കസബ്, ഹമാസിന്റെ അവശേഷിച്ച ഭീകര നേതാക്കളിൽ ഒരാളാണെന്നും സൈന്യം വ്യക്തമാക്കി. ലബനൻ തലസ്ഥാനമായ ബെയ്റൂട്ടിന്റെ തെക്കൻ പ്രാന്തപ്രദേശങ്ങളിലും ഇസ്രയേൽ വ്യോമാക്രമണം നടത്തി.അടുത്ത ചൊവ്വാഴ്ച നടക്കാനിരിക്കുന്ന യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനു മുന്നോടിയായി ഇരു മേഖലകളിലും വെടിനിർത്തൽ നടപ്പാക്കാനുള്ള ശ്രമങ്ങൾക്ക് കനത്ത തിരിച്ചടിയാണ് ഇസ്രയേലിന്റെ നടപടി. എന്നാൽ താൽക്കാലിക വെടിനിർത്തലിന് ഹമാസ് അനുകൂലമല്ലെന്ന് ഹമാസ് അനുകൂല വാർത്താ ചാനലുകൾ റിപ്പോർട്ട് ചെയ്തു. ഗാസയിൽ വർഷങ്ങളായുള്ള സംഘർഷം അവസാനിപ്പിക്കുകയും തകർന്ന പാലസ്തീൻ മേഖലയിൽ നിന്ന് ഇസ്രയേൽ സൈന്യത്തെ പിൻവലിക്കുകയും ചെയ്യണമെന്ന വ്യവസ്ഥകൾ വെടിനിർത്തൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടുവെന്നും വാർത്താ ചാനലുകൾ റിപ്പോർട്ട് ചെയ്തു






സൈൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ 50 ശതമാനം വിലക്കുറവിൽ വനിതകൾക്കായി നടത്തിയ ഇരുചക്ര വാഹന വിതരണ മേളയും, സോളാർ എനർജി പ്രൊജക്ടും ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റും, സൈൻ സൊസൈറ്റി ചെയർമാനുമായ എ.എൻ രാധാകൃഷ്ണൻ ഉത്ഘാടനം ചെയ്യുന്നു. രൂപേഷ് ആർ. മേനോൻ, സുനിൽകുമാർ കളമശ്ശേരി, മിനി ടീച്ചർ, തുഷാര പിള്ള, ടി ജി വിജയൻ തുടങ്ങിയവർ സമീപം

# വനിതകൾക്ക് ഇരുചക്രവാഹനങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സൈൻ സൊസൈറ്റിയുടെയും എൻ.ജി.ഒ.കോൺഫെഡറേഷന്റെയും ആഭിമുഖ്യത്തിൽ 50 ശതമാനം ഗുണഭോക്തൃ വിഹിതത്തിൽ വനിതകൾക്ക് നൽകുന്ന ഇരുചക്രവാഹനങ്ങളുടെ മെഗാ വിതരണമേള എറണാകുളം ഗംഗോത്രി ഓഡിറ്റോറിയത്തിൽ ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റും, സൈൻ സൊസൈറ്റി ചെയർമാനുമായ എ.എൻ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. 500 ഓളം വനിതകൾക്കാണ് ഇരുചക്രവാഹനങ്ങൾ വിതരണം ചെയ്തത്. സൈൻ സൊസൈറ്റി സംസ്ഥാന സെക്രട്ടറി രൂപേഷ് ആർ. മേനോൻ അദ്ധ്യക്ഷത വഹിച്ചു. പി.എം സൂര്യഘർ മുഫ്ത് ബിജിലി യോജനയുമായി സഹകരിച്ച് സൈൻ സൊസൈറ്റി സബ്സിഡിയുൾപ്പടെ നൽകുന്ന സോളാർ എനർജി പ്രൊജക്ടും ചടങ്ങിൽ ഉദ്ഘാടനം ചെയ്തു. വനിതകൾക്കുള്ള സൈൻ സൊസൈറ്റിയുടെ ഗുണഭോക്തൃ കാർഡ് വിതരണവും നടന്നു. സൈൻ സൊസൈറ്റി സംസ്ഥാന കോർഡിനേറ്റർ സുനിൽ കുമാർ കളമശ്ശേരി,സംസ്ഥാന ട്രഷറർ കെ ടി ബിനീഷ്, ബിജെപി എറണാകുളം ജില്ല സെക്രട്ടറി ടി.ജി. വിജയൻ, കൗൺസിലർ അഡ്വ.പ്രിയ പ്രശാന്ത്, എസ്.ഷാജി, ബിജെപി മണ്ഡലം പ്രസിഡന്റുമാരായ വിവിൻ വൈപ്പിൻ, അരുൺ മൂവാറ്റുപുഴ, സൈൻ സൊസൈറ്റി കോഡിനേറ്റർമാരായ എൻ.എസ്.സുമേഷ്, ശിവകുമാർ കമ്മത്ത്, ലാലൻ കുമ്പനായി, ഷാബിൻ വൈപ്പിൻ, വനിതാ കോഡിനേറ്റർമാരായ മിനി ടീച്ചർ, തുഷാരപിള്ള, തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# സാങ്കേതിക സർവകലാശാലയുടെ കായിക മത്സരങ്ങളിൽ തിളങ്ങി ഫിസാറ്റ്




**തിരുവനന്തപുരം:** എ പി ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയുടെ ഇ വർഷത്തെ കായിക മത്സരങ്ങളിൽ മികച്ച നേട്ടം കൊയ്ത്തു അങ്കമാലി ഫിസാറ്റ് എഞ്ചിനീയറിംഗ് കോളേജ്. കബഡി, ബാസ്കറ്റ്ബോൾ, ഫുട്‌ബോൾ, വോളിബോൾ ടേബിൾ ടെന്നീസ് തുടങ്ങി വിവിധ മത്സരങ്ങളിൽ ഫിസാറ്റിലെ വനിതകളുടെയും പുരുഷൻമാരുടെയും ടീമുകൾ മികച്ച നേട്ടം കൊയ്ത്തു. ഫുട്ബോൾ മത്സരത്തിൽ ഫൈനലിൽ ഇലാഹിയ കോളേജ് ഓഫ് എഞ്ചിനീറിംഗിനെ മൂന്ന് പൂജ്യത്തിന് തോൽപിച്ചാണ് ഫിസാറ്റ് ടീം വിജയം നേടിയത്. വിജയികൾക്കുള്ള ട്രോഫികൾ അങ്കമാലി സർക്കിൾ ഇൻസ്പെക്ടർ വി ആർ അരുൺകുമാർ വിതരണം ചെയ്തു. വനിതകളുടെ കബഡി മത്സരത്തിൽ രണ്ടാം സ്ഥാനം നേടി ഇന്റർസോൺ കെ ടി യു മത്സരത്തിൽ സ്ഥാനം ഉറപ്പിച്ചു. കെ എം ഇ എ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്ന ടേബിൾ ടെന്നീസ് മത്സരത്തിൽ ഫിസാറ്റ് പുരുഷന്മാരുടെ ടേബിൾ ടെന്നീസ് ടീം റണ്ണേഴ്സ് അപ്പ് പൊസിഷൻ സ്വന്തമാക്കി ഇന്റർസോണിന് യോഗ്യത നേടി. മുത്തൂറ്റ് എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്ന പുരുഷൻമാരുടെയും വനിതകളുടെയും ബാസ്കറ്റ് ബോൾ മത്സരങ്ങളിൽ ഫിസാറ്റ് പുരുഷ വനിത വിഭാഗങ്ങൾ സാങ്കേതിക സർവകലാശാല ഇന്റർസോണിന് അർഹത നേടി. കാടായിരുപ്പ് എസ് എൻ ജി സി ഇ എഞ്ചിനീയറിംഗ് കോളേജിൽ നടന്ന പുരുഷ വനിത വോളിബോൾ മത്സരത്തിൽ റണ്ണേഴ്സ് അപ്പ് ട്രോഫി നേടി ഫിസാറ്റ് പുരുഷ വനിതാ വിഭാഗങ്ങൾ ഇന്റർസോണിന് അർഹത നേടി. കൂടാതെ ബാറ്റ്മിന്റൺ മത്സരത്തിൽ മികവ് തെളിയിച്ച ഫിസാറ്റ് വിദ്യാർത്ഥികളായ അനൂപ് ഷാജിയും അലൻ ജോർജും യൂണിവേഴ്സിറ്റി ടീമിലേക്ക് തിരഞ്ഞെടുത്തു. ചെസ് മത്സരത്തിൽ ഫിസാറ്റിനെ പ്രതിനിധികരിച്ച നിജയ് ഗിരി, ആരോൺ ബ്രോസ് എന്നിവരെയും യൂണിവേഴ്സിറ്റി ടീമിലേക്ക് തിരഞ്ഞെടുത്തു. ഇ വിജയത്തിന് ഫുട്ബോൾ മത്സരത്തിൽ കെ രവീന്ദ്രനും അഭിഷേക് വി യും കബഡിയിൽ സമ്പത് എസും, വോളിബോളിൽ അനൂപ് വിയും, ബാസ്കറ്റ് ബോളിൽ അശ്വിൻ ബിനുവും പരിശീലനം നൽകി ചടങ്ങിൽ ഫിസാറ്റ് കോളേജ് ചെയർമാൻ പി ആർ ഷിമിത്ത്, പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വിനോദ് നായർ, സ്പോർട്സ് ഫാക്കൽറ്റി അമൽ ദേവ് ടി എസ് തുടങ്ങിയവർ പങ്കെടുത്തു

# ദേശീയ യുവജന പുരസ്കാരത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചു നവംബർ 15 വരെ അപേക്ഷിക്കാം

**ന്യൂഡൽഹി:** ഇന്ത്യയുടെ വികസനത്തിനും സാമൂഹിക പുരോഗതിക്കും യുവാക്കൾ നൽകുന്ന അസാധാരണമായ സംഭാവനകൾ അംഗീകരിക്കുന്നതിന്റെ ഭാഗമായി 202223ലെ ദേശീയ യുവജന പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാൻ കേന്ദ്ര യുവജനകാര്യ, കായിക, തൊഴിൽ, ഉദ്യോഗ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ആഹ്വാനം ചെയ്തു.

കായികം, സാമൂഹിക സേവനം, ശാസ്ത്രം, ഗവേഷണം എന്നിങ്ങനെ വിവിധ മേഖലകളിലായി ഇന്ത്യയിലെ യുവാക്കളുടെ സമാനതകളില്ലാത്ത ആവേശത്തെ പ്രകടമാക്കുന്ന പുരസ്കാരങ്ങൾ കേവലം ഒരു അംഗീകാരമല്ലെന്നും പുരോഗമനപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ രാജ്യത്തെ വളർത്തിയെടുക്കുന്നതിനുള്ള യുവ നേതൃത്വത്തിന്റെ ആഘോഷമാണെന്നും മാണ്ഡവ്യ പറഞ്ഞു

ആരോഗ്യം,മനുഷ്യാവകാശങ്ങൾ പ്രോത്സാഹിപ്പിക്കൽ, സജീവ പൗരത്വം, സാമൂഹ്യ സേവനം തുടങ്ങിയ വിവിധ വികസന, സാമൂഹിക സേവന മേഖലകളിലെ മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്ന വ്യക്തികൾക്കും (1529 വയസ്സിനിടയിൽ പ്രായമുള്ളവർ) സംഘടനകൾക്കും യുവജനകാര്യ, കായിക മന്ത്രാലയത്തിന് കീഴിലുള്ള യുവജനകാര്യ വകുപ്പ്, ദേശീയ യുവജന പുരസ്കാരങ്ങൾ നൽകുന്നു.

ദേശീയ വികസനത്തിലും സാമൂഹിക സേവന രംഗത്തും മികവ് കൈവരിക്കാനും സമൂഹത്തോടുള്ള ഉത്തരവാദിത്തബോധം വളർത്തിയെടുക്കാനും അതുവഴി മികച്ച പൗരന്മാരായി സ്വന്തം കഴിവുകൾ മെച്ചപ്പെടുത്താനും യുവാക്കളെ പ്രോത്സാഹിപ്പിക്കുകയാണ് ഈ പുരസ്കാരത്തിന്റെ ലക്ഷ്യം. രാജ്യവികസനത്തിനായി യുവാക്കൾക്കൊപ്പം സാമൂഹ്യസേവനമുൾപ്പെടെയുള്ള മേഖലകളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും പുരസ്കാരം ലഭിക്കും .ദേശീയ യുവജന അവാർഡിന് (202223) 2024 നവംബർ നവംബർ 15 വരെ ആഭ്യന്തര മന്ത്രാലയത്തിന്റെ പൊതു അവാർഡ് പോർട്ടലിലൂടെ അപേക്ഷ ക്ഷണിക്കുന്നു. അവാർഡ് പോർട്ടലിന്റെ ലിങ്ക് https://awards.gov.in/ ആണ്.

വ്യക്തിക്ക് , മെഡലും പ്രശസ്തിപത്രവും 1,00,000/ രൂപ കാഷ് പ്രൈസും അടങ്ങുന്നതാണ് പുരസ്കാരം . സംഘടനയ്ക്ക്, മെഡലും പ്രശസ്തിപത്രവും 3,00,000/ രൂപയും പുരസ്കാരമായി ലഭിക്കും




# ഭരണഭാഷാവാരം ശ്യാം പുഷ്കരൻ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ 2024ലെ ഭരണഭാഷാവാരം പരിപാടി നവംബർ ഒന്നിന് ഭരണകാര്യാലയത്തിൽ വൈസ് ചാൻസലർ ഡോ. എം ജുനൈദ് ബുഷിരി ചൊല്ലിക്കൊടുത്ത ഭരണഭാഷാപ്രതിജ്ഞയോടെ ആരംഭിച്ചു. പരിപാടികളുടെ ഔപചാരികമായ ഉദ്ഘാടനം ദേശീയ പുരസ്കാര ജേതാവായ തിരക്കഥാകൃത്തും നിർമാതാവും നടനുമായ ശ്യാം പുഷ്കരൻ നിർവഹിച്ചു. സിനിമാരചനയിലേക്ക് തന്നെ നയിച്ച സാഹചര്യങ്ങൾ ഓർത്തെടുത്ത് അനുഭവങ്ങൾ പങ്കുവച്ച ശ്യാം പുഷ്കരന്റെ പ്രസംഗം ഹൃദ്യമായി. 'സിനിമയ്ക്ക് വേണ്ടത് മലയാളമല്ല, ദൃശ്യഭാഷയാണ്. എന്നാൽ ഡയലോഗിന് ഭാഷ അത്യാവശ്യമാണ്. കഥയും തിരക്കഥയും രചിക്കുന്നത് എങ്ങനെ എന്ന് പഠിക്കാനാകും. സംഭാഷണം പക്ഷെ നിരീക്ഷണങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നും ആർജ്ജിച്ചെടുക്കേണ്ടതാണ്,' ശ്യാം പുഷ്കരൻ പറഞ്ഞു. എഴുത്തിലും വിഷ്വൽ തിങ്കിങ്ങിലും സിനിമാ രചനകളിലെ രാഷ്ട്രീയത്തിലും തന്നെ സ്വാധീനിച്ചിട്ടുള്ള ഓട്ടൻതുള്ളൽ, കഥാപ്രസംഗം, കാർട്ടൂൺ തുടങ്ങിയ കലാരൂപങ്ങളെക്കുറിച്ച് അദ്ദേഹം തന്റെ പ്രസംഗത്തിൽ പ്രതിപാദിച്ചു. മൂന്ന് ദിവസത്തെ മലയാളദിനം പുസ്തകോത്സവം രജിസ്ട്രാർ ഡോ. അരുൺ എ യു ഉദ്ഘാടനം ചെയ്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഹെൽത്തി കിഡ്സ് പദ്ധതി നൂറുകണക്കിന് സ്കൂളുകളിൽ വ്യാപകമാക്കുമെന്ന് മന്ത്രി

**കോഴിക്കോട്:** പ്രൈമറി വിദ്യാർത്ഥികൾക്കുള്ള സമഗ്ര ആരോഗ്യ വിദ്യാഭ്യാസ പരിപോഷണ പരിപാടിയായ ഹെൽത്തി കിഡ്സ് രണ്ടു, മൂന്ന് വർഷത്തിനുള്ളിൽ തെരഞ്ഞെടുത്ത നൂറുകണക്കിന് സ്കൂളുകളിൽ കൂടി വ്യാപകമാക്കുമെന്ന് വനംവന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ.

പടിഞ്ഞാറ്റുംമുറി ഗവൺമെൻറ് യുപി സ്കൂളിൽ ഹെൽത്തി കിഡ്സ് പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞവർഷം തുടങ്ങിയ പദ്ധതി 25 സ്കൂളുകളിലാണ് ആദ്യം നടപ്പാക്കിയത്. ഈ വർഷം തെരഞ്ഞെടുത്ത 30 വിദ്യാലയങ്ങളിലൊന്നാണ് പടിഞ്ഞാറ്റുംമുറി സ്കൂൾ.

ഇന്ന് വിദ്യാർത്ഥികളിൽ പലവിധ രോഗങ്ങൾ കണ്ടുവരുന്നതായി മന്ത്രി ചൂണ്ടിക്കാട്ടി. 80 വയസ്സിൽ കാണുന്ന പല രോഗങ്ങളും കാഴ്ചക്കുറവ്, കേൾവിക്കുറവ്, വിളർച്ച, കാൽമുട്ട് വേദന എന്നിവകുട്ടികളിൽ കണ്ടു വരികയാണ്. മരുന്നിന്റെ ആധിക്യം മൂലം പുതിയ രോഗങ്ങളും വരുന്നു. ഈ പശ്ചാത്തലത്തിലാണ് കായികമേഖലയുമായി ബന്ധപ്പെട്ട് കുട്ടികളുടെ കായികക്ഷമതയും ആരോഗ്യവും സംരക്ഷിക്കാൻ ഹെൽത്തി കിഡ്സ് എന്ന പദ്ധതി നടപ്പാക്കിയതെന്ന് മന്ത്രി പറഞ്ഞു.

ആരോഗ്യമുള്ള കേരളം എന്ന സങ്കല്പത്തിലേക്ക് വിദ്യാഭ്യാസമേഖലയെ എത്തിക്കലാണ് സർക്കാരിന്റെ ലക്ഷ്യം. പ്രീ പ്രൈമറി തലം മുതൽ തന്നെ കായിക പഠനത്തിന്റെ ആദ്യാക്ഷരങ്ങൾ കുട്ടികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹെൽത്തി കിഡ്സ് നടപ്പാക്കുന്നതെന്ന് മന്ത്രി കൂട്ടിച്ചേർത്തു. കക്കോടി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ പി ഷീബ അധ്യക്ഷത വഹിച്ചു.

ചേളന്നൂർ ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സുജ അശോകൻ, കക്കോടി ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ മല്ലിക പുനത്തിൽ, കൈതമോളി മോഹനൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം ഷീന ചെറുവത്ത്, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എൻ കെ ഉപശ്ലോകൻ, ഇ എം ഗിരീഷ് കുമാർ, അജിത നെരവത്ത്, നിഷ പലാക്കാട്ട്, പിടിഎ പ്രസിഡന്റ് കെ എം ലതീഷ്കുമാർ, ഹെൽത്തി കിഡ്സ് പദ്ധതിയുടെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ജാഫർ, ചേവായൂർ എഇഒ ഷാമ്ജിത്ത്, പ്രധാനാധ്യാപകൻ യു പി അബ്ദുൽ ഖാദർ എന്നിവർ സംസാരിച്ചു.

# ഡോ. ബി. ആർ മാധ്യമ അവാർഡ് 2024: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** പട്ടികജാതിപട്ടികവർഗ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച മികച്ച റിപ്പോർട്ടിനുള്ള ഡോ. ബി. ആർ അംബേദ്ക്കർ മാധ്യമ അവാർഡിന് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി വികസന വകുപ്പാണ് അവാർഡ് നൽകുന്നത്. അച്ചടി, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. 2023 ആഗസ്റ്റ് 16 മുതൽ 2024 ആഗസ്റ്റ് 15 വരെയുള്ള കാലയളവിലെ റിപ്പോർട്ടുകളും പ്രോഗ്രാമുകളുമാണ് അവാർഡിന് പരിഗണിക്കുക.

അച്ചടി വിഭാഗത്തിൽ മത്സരിക്കുന്നതിന് അച്ചടി മാധ്യമങ്ങളിലെ വാർത്ത/ഫീച്ചർ/ പരമ്പര എന്നിവയുടെ 5 പകർപ്പുകൾ ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം, അപേക്ഷകരുടെ ഫോട്ടോ, ഫോൺ നമ്പർ എന്നിവ സഹിതം ലഭ്യമാക്കണം.

ദൃശ്യ വിഭാഗത്തിൽ മത്സരിക്കുന്നതിന് ദൃശ്യ മാധ്യമങ്ങളിൽ നിന്നുള്ള എൻട്രികൾ ന്യൂസ് സ്റ്റോറിയോ കുറഞ്ഞത് അഞ്ച് മിനിട്ടെങ്കിലും ദൈർഘ്യമുള്ള വാർത്താധിഷ്ഠിത പരിപാടിയോ ഡോക്യുമെൻററിയോ ആയിരിക്കണം.

ഡിവിഡി ഫോർമാറ്റിലുള്ള എൻട്രി (5 കോപ്പികൾ), ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം, എൻട്രിയെക്കുറിച്ചുള്ള ലഘുവിവരണം, അപേക്ഷകരുടെ ഫോട്ടോ, ഫോൺ നമ്പർ എന്നിവ സഹിതം ലഭ്യമാക്കണം.

ശ്രവ്യ വിഭാഗത്തിൽ മത്സരിക്കുന്നതിന് ശ്രവ്യ മാധ്യമങ്ങൾ സംപ്രേക്ഷണം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിക്കുന്ന എല്ലാവിധ പ്രോഗ്രാമുകളും അവാർഡിന് പരിഗണിക്കും. പ്രോഗ്രാമിന്റെ ലഘുവിവരണം, എൻട്രികൾ സിഡിയിലാക്കി, (5 കോപ്പികൾ) പ്രക്ഷേപണം ചെയ്ത നിലയത്തിലെ പ്രോഗ്രാം ഡയറക്ടറുടെ സാക്ഷ്യപത്രം, അപേക്ഷകരുടെ ഫോട്ടോ, ഫോൺ നമ്പർ എന്നിവ സഹിതം നവംബർ 14നകം. ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി ഒ, തിരുവനന്തപുരം695 003 എന്ന വിലാസത്തിൽ അയയ്ക്കണം.

കൂടുതൽ വിവരങ്ങൾക്ക്: www.scdd.kerala.gov.in, 0471 2315375.

# അക്കാഡമിക് കൗൺസിലർ, ടെലി കോളിങ് ഇന്റേൺ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയിൽ അക്കാഡമിക് കൗൺസിലർ, ടെലി കോളിങ് ഇന്റേൺ എന്നീ അവസരങ്ങളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ബിരുദധാരികൾക്ക് ഈ അവസരങ്ങളിലേക്ക് അപേക്ഷിക്കാം. https://forms.gle/Ntng6WHnzSuZKWto9 എന്ന ലിങ്കിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 5.

# രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേനയാണ് കേരളാ പോലീസ് : മുഖ്യമന്ത്രി

**തിരുവനന്തപുരം:** രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേനയായാണ് കേരളാ പോലീസ് പൊതുവേ അംഗീകരിക്കപ്പെടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പോലീസ് സംവിധാനത്തിൽ സമാനതകളില്ലാത്ത മാറ്റം ദൃശ്യമായ ഘട്ടമാണ് കഴിഞ്ഞ എട്ടര വർഷക്കാലത്തെ സർക്കാരിന്റെ ഭരണമെന്നും ഇക്കാലയളവിൽ രാജ്യത്തെ ഏറ്റവും മികച്ച സേന എന്ന നിലയിലേക്ക് കേരളാ പോലീസിനെ പരിവർത്തിപ്പിക്കാൻ സാധിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. പേരൂർക്കട എസ്.എ.പി ഗ്രൗണ്ടിൽ കേരളാ പോലീസിന്റെ 68ാ മത് രൂപീകരണ വാർഷികദിനാഘോഷ പരിപാടിയുടെ ഉദ്ഘാടനവും 2024ലെ മികച്ച സേവനം നടത്തിയ 264 പോലീസ് ഉദ്യോഗസ്ഥർക്കുള്ള മെഡലുകളുടെ വിതരണവും നടത്തി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിലെ മതനിരപേക്ഷ സമൂഹത്തിന്റെ സംരക്ഷണം ഉറപ്പാക്കാൻ പോലീസിനെ ഫലപ്രദമായി ഉപയോഗിച്ചു. വർഗീയ സംഘർഷങ്ങൾ ഒന്നുംതന്നെ കഴിഞ്ഞ എട്ടര വർഷത്തിനിടയിൽ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല എന്നത് പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. ആർക്കും ഏത് സമയവും ആശ്രയിക്കാവുന്ന, പ്രശ്നപരിഹാരത്തിനായി നിർഭയമായി കടന്നു ചെല്ലാവുന്ന ഇടമായി കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ മാറി. സംസ്ഥാനത്തെ ഭൂരിപക്ഷം പോലീസ് സ്റ്റേഷനുകളും വനിതാ വയോജന ശിശുസൗഹൃദമായി.സാമ്രാജ്യത്വ ഭരണകാലത്തെ മനോഘടനയിൽ നിന്നും മുക്തമായി ഒരു ജനകീയ സേന എന്ന നിലയിലേക്കുള്ള കേരളാ പോലീസിന്റെ പരിവർത്തനമാണ് കഴിഞ്ഞ 68 വർഷം കൊണ്ട് ഉണ്ടായിട്ടുള്ളത്. പ്രളയകാലത്തും മറ്റ് പ്രകൃതിദുരന്തങ്ങളുടെ കാലത്തും സേന നടത്തിയ ഇടപെടലുകൾ പോലീസിനെക്കുറിച്ചുള്ള പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടിൽ വലിയ മാറ്റം വരുത്തി. കുറ്റാന്വേഷണ മികവിൽ കേരളാ പോലീസിന് പകരംവെയ്ക്കാൻ രാജ്യത്ത് മറ്റൊരു സേനയില്ല. ഒരിക്കലും തെളിയില്ലെന്നു കരുതിയ നിരവധി കേസുകൾ സേന തെളിയിച്ചു. സംസ്ഥാനത്തിനകത്തു മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിൽ പോയി വരെ പ്രതികളെ പിടികൂടുന്നു. ഇതെല്ലാം കേരളാ പോലീസിന്റെ കുറ്റാന്വേഷണ മികവ് വ്യക്തമാക്കുന്നുണ്ട്.കുറ്റാന്വേഷണത്തിൽ ആധുനിക സാങ്കേതികവിദ്യ ഏറ്റവും നന്നായി പ്രയോജനപ്പെടുത്തുന്ന സേനയും കേരളാ പോലീസാണ്. ഇന്റർനെറ്റും ഫൈബർ കണക്ടിവിറ്റിയും ഇല്ലാത്ത ഒറ്റ പോലീസ് സ്റ്റേഷനും നിലവിൽ കേരളത്തിലില്ല. ഭീകരാക്രമണത്തിനായി ഉപയോഗിക്കുന്ന ഡ്രോണുകളെ നിശ്ചലമാക്കാനുള്ള തനതുസാങ്കേതികവിദ്യ വരെ ഇന്ന് കേരളാ പോലീസിനുണ്ട്. സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ രംഗത്ത് കേരളാ പോലീസ് ആർജിച്ച മികവിനെയും മുഖ്യമന്ത്രി അഭിനന്ദിച്ചു. ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ നേതൃത്വത്തിൽ ഇതിനായി നിരവധി ബോധവൽക്കരണ പരിപാടികളാണ് നടത്തിവരുന്നത്. ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപെട്ടാൽ '1930' എന്ന നമ്പറിൽ അറിയിക്കണമെന്ന പ്രചാരണത്തിന് മികച്ച പ്രതികരണമാണ് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്നതെന്ന് മുഖ്യമന്ത്രി സൂചിപ്പിച്ചു.

ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള വെബ് പോർട്ടലിൽ ഈ വർഷം സെപ്റ്റംബർ 30 വരെ 31,107 പരാതികളാണ് ലഭിച്ചത്. തട്ടിപ്പുകാർ അപഹരിച്ച തുകയിൽ 79.81 കോടി രൂപ തിരിച്ചുപിടിക്കാൻ കഴിഞ്ഞുവെന്നും തട്ടിപ്പിനായി ഉപയോഗിച്ചുവന്ന 32,807 അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.കേരളാ പോലീസിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുകയെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിതനയമാണ്. ഈ ലക്ഷ്യത്തിലേക്ക് സർക്കാർ വളരെവേഗം അടുത്തുകൊണ്ടിരിക്കുകയാണെന്നും അതിന്റെ ഭാഗമായാണ് കേരളാ പോലീസ് സേനയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പത്തു ശതമാനം വനിതകൾക്ക് മാത്രമായി നീക്കിവക്കാൻ സർക്കാർ തീരുമാനിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.ഗ്രൗണ്ടിൽ നടന്ന പോലീസ് പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിച്ചു. കേരള പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹേബും മറ്റു ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ സന്നിഹിതരായിരുന്നു. കരുനാഗപ്പള്ളി എ.എസ്.പി അഞ്ജലി ഭാവന, കെ.എ.പി. കക ബറ്റാലിയൻ അസിസ്റ്റന്റ് കമാൻഡന്റ് പ്രമോദ് വി തുടങ്ങിയവർ പരേഡിന് നേതൃത്വം നൽകി.

# ചിട്ടി രജിസ്ട്രേഷനുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കും;മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

**ആലപ്പുഴ:** ചിട്ടി രജിസ്ട്രേഷനുള്ള ഓൺലൈൻ സംവിധാനം, ഡിജിറ്റൽ ഓതന്റിഫിക്കേഷൻ, വിവാഹ രജിസ്ട്രേഷനിലെ പുതുക്കിയ നടപടിക്രമങ്ങൾ എന്നിവ അടുത്ത മാസങ്ങളിൽ തന്നെ നടപ്പിലാക്കുമെന്ന് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.പുളിങ്കുന്ന് സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

സർക്കാരിന്റെ വരുമാന സ്രോതസ്സുകളിൽ ഏറെ പ്രധാനപ്പെട്ട വകുപ്പാണ് രജിസ്ട്രേഷൻ വകുപ്പെന്നും 5220 കോടിയോളമാണ് കഴിഞ്ഞ വർഷത്തെ വരുമാനമെന്നും മന്ത്രി പറഞ്ഞു.ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുഗമവും സുതാര്യവുമാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

തോമസ് കെ തോമസ് എംഎൽ എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജിൻസി ജോളി, ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റ്റി ജി ജലജകുമാരി, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺമാരായ ബിനു ഐസക് രാജു, എം പി പ്രിയ, ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം എസ് ശ്രീകാന്ത്, ചമ്പക്കുളം ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എസ് മായാദേവി, രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ കേരള പി കെ സാജൻ കുമാർ, എ കെ ഡി ഡബ്ല്യു ആന്റ് എസ് എ ജില്ലാ പ്രസിഡന്റ് പി റ്റി ജോൺ പെരുമ്പള്ളി, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

മുൻ മന്ത്രി ജി സുധാകരൻ ശിലാസ്ഥാപനം നടത്തിയ കെട്ടിടം 2.98 കോടി രൂപ മുടക്കി പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലാണ് പൂർത്തീകരിച്ചത്. റോഡ് നിരപ്പിൽ നിന്നും ഒന്നര മീറ്റർ ഉയരത്തിൽ അടിത്തറയും താഴത്തെ നിലയിൽ ഓഫീസും റെക്കോർഡ് റൂമും മുകളിലത്തെ നിലയിൽ ഹാളും, ഓഫീസ് മുറിയും, റെക്കോർഡ് റൂമും ഉൾപ്പെടുത്തിയാണ് പുതിയ കെട്ടിടം പണി പൂർത്തീകരിച്ചത്. കുട്ടനാട് താലൂക്കിലെ രാമങ്കരി, കൈനകരി വടക്ക്, കൈനകരി തെക്ക്, ചമ്പക്കുളം, കാവാലം, കുന്നുമ്മ, മുട്ടാർ, നെടുമുടി, നീലംപേരൂർ, പുളിങ്കുന്ന്, വെളിയനാട് എന്നീ 11 വില്ലേജുകളാണ് ഇതിന്റെ പ്രവർത്തന പരിധിയിൽ വരുന്നത്.



# കേരള പിറവി ദിനത്തിൽ ജിയെ അറിയാൻ വിദ്യാർത്ഥികൾ

**കൊച്ചി:** കേരളപ്പിറവി ദിനത്തിൽ ആദ്യ ജ്ഞാനപീഠം ജേതാവും പ്രകൃതിയുടെ ഗായകനെന്നുമറിയപ്പെടുന്ന മലയാളത്തിന്റെ മഹാനായ ദാർശനിക കവി ജി. ശങ്കര കുറിപ്പിനെ കൂടുതൽ അറിയാൻ മഹാകവി ജി സ്മാരക സാംസ്കാരിക കേന്ദ്രത്തിൽ വിദ്യാർത്ഥികൾ എത്തി. വൈപ്പിൻ രാജഗിരി സീഷോർ സി എം ഐ സ്കൂളിലെ നൂറോളം വിദ്യാർത്ഥികളും അധ്യാപകരും അടങ്ങുന്ന സംഘമാണ് സാംസ്കാരിക കേന്ദ്രം സന്ദർശിക്കാൻ എത്തിയത്.

സാംസ്കാരിക കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ള മഹാകവിയുടെ ചിത്രങ്ങളും ജീവിതകഥയും വിദ്യാർത്ഥികൾക്ക് വേറിട്ട ഒരു അനുഭവമാണ് സമ്മാനിച്ചത്. കേരളപ്പിറവി ദിനത്തിൽ ജിയെ കുറിച്ച് കൂടുതൽ അറിയാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ട് എന്നും ഈ സന്ദർശനം ഒരിക്കലും മറക്കാൻ സാധിക്കാത്ത ഒരു അനുഭവമായിരുന്നു എന്നും വിദ്യാർത്ഥികൾ പറഞ്ഞു. ജി സ്മാരക സാംസ്കാരിക കേന്ദ്രത്തിന്റെ അധികൃതർ വിദ്യാർഥികളെയും അധ്യാപകരെയും സ്വീകരിക്കുകയും ജി സ്മാരകത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജിയുടെ ജീവിതത്തെക്കുറിച്ചും മലയാള ഭാഷയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകളെ കുറിച്ചും വിശദീകരിക്കുകയും ചെയ്തു. കേരളപ്പിറവി ദിനത്തിൽ മലയാളത്തിന്റെ പ്രിയപ്പെട്ട കവിയെ സന്ദർശിക്കുവാൻ സ്കൂൾ അധികൃതരും വിദ്യാർത്ഥികളും എടുത്ത തീരുമാനത്തെ ജി സ്മാരകം അധികൃതർ അനുമോദിച്ചു.



# കൃഷ്ണപുരം കൊട്ടാരം മ്യൂസിയം സമഗ്രമായി നവീകരിക്കും: മന്ത്രി

**കായംകുളം:** കൃഷ്ണപുരം കൊട്ടാരം കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുമെന്നു മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കൃഷ്ണപുരം കൊട്ടാരത്തിന്റെ സംരക്ഷണ, പരിസര വികസന പ്രവൃത്തികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇപ്പോഴത്തെ വികസന പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മ്യൂസിയം സമഗ്രമായി നവീകരിക്കുന്നതിനുള്ള പദ്ധതി കൂടി തയാറാക്കി വരികയാണെന്ന് മന്ത്രി പറഞ്ഞു.

പൈതൃക സംരക്ഷണത്തിന് സർക്കാർ ഉയർന്ന പരിഗണനയാണു നൽകുന്നത്. സ്മാരകങ്ങൾ സംരക്ഷിച്ചും മ്യൂസിയങ്ങൾ സ്ഥാപിച്ചും പഠന ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ചരിത്രാഖ്യാനങ്ങൾ ആർക്കും നിഷേധിക്കാനും നിരോധിക്കാനുമാവില്ല. അതു വരും തലമുറയ്ക്കായി സൂക്ഷിക്കുകയാണ് വകുപ്പിന്റെ പ്രധാന ചുമതലയെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപരിപാടിയിൽ ഉൾപ്പെടുത്തിയാണ് 28.2 ലക്ഷം രൂപ ചെലവിൽ കൃഷ്ണപുരം കൊട്ടാരത്തിന്റെ സംരക്ഷണ പരിസര വികസന പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് നടപ്പാക്കുന്നത്. യു.പ്രതിഭ എംഎൽഎ അധ്യക്ഷയായി.

കൗൺസിലർ ബിനു അശോക്, കൺസർവേഷൻ എൻജിനീയർ എസ്.ഭൂപേഷ്, പി. അരവിന്ദാക്ഷൻ, ഇ. സമീർ, ഐ. ഷിഹാബുദീൻ, കൃഷ്ണകുമാർ രാംദാസ്, ഇർഷാദ്, ലിക്കായത്ത് പറമ്പി, സക്കീർ മല്ലഞ്ചേരി, കെ.മോഹനൻ, എൻ.സത്യൻ, സലീം മുരിക്കുംമൂട്, സി.അനൂപ് എന്നിവർ പ്രസംഗിച്ചു.



# വിഴിഞ്ഞം തുറമുഖം: ചരക്കുനീക്കത്തിന് കണ്ടെയ്നർ റെയിൽ

**വിഴിഞ്ഞം:** രാജ്യാന്തര തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി യാഥാർഥ്യമാകും വരെ ബദൽ മാർഗമായി കണ്ടെയ്നർ റെയിൽ ടെർമിനൽ(സിആർടി) സംവിധാനം ഏർപ്പെടുത്താൻ നീക്കം. നിലവിൽ തുറമുഖ നിർമാണം പൂർത്തിയാകുന്ന 2028ൽ മാത്രമേ തുറമുഖത്തേക്കു നേരിട്ടുള്ള റെയിൽ കണക്ടിവിറ്റി സാധ്യമാകൂ. അതുവരെയുള്ള ചരക്കു നീക്കം വേഗത്തിലാക്കാനാണ് സിആർടി സംവിധാനമെന്ന് അധികൃതർ അറിയിച്ചു. ഗുഡ്സ് ട്രെയിനിൽനിന്നു ഇറക്കുന്ന കണ്ടെയ്നറുകളെ ട്രെയിലറുകളിൽ തുറമുഖത്തേയ്ക്ക് എത്തിക്കുന്നതാണ് ബദൽ പദ്ധതി.

ഒരു ഗുഡ്സിൽ ശരാശരി 70 മുതൽ 80 വരെ കണ്ടെയ്നറുകൾ എത്തിക്കാനാകുമെന്നും ഇത്തരത്തിൽ രണ്ടോ മൂന്നോ ഗുഡ്സ് ഒരേ സമയം എത്താനാകുമെന്നും അധികൃതർ കണക്കു കൂട്ടുന്നു. തുറമുഖത്തുനിന്നു ഇത്തരത്തിൽ കണ്ടെയ്നറുകളെ തിരിച്ചു ഗുഡ്സിലേയ്ക്കും കൊണ്ടുവരാനാകും. കണ്ടെയ്നറുകൾ ഇറക്കി സൂക്ഷിക്കുന്നതിനും ഷണ്ടിങ് യഡുകൾക്കായും അധിക സ്ഥലം വേണം എന്നതാണ് പ്രധാനം. തിരുവനന്തപുരം സൗത്ത് ( നേമം), നെയ്യാറ്റിൻകര എന്നീ സ്റ്റേഷനുകളോട് അനുബന്ധിച്ചാണ് ഇതു സംബന്ധിച്ച പരിശോധനകൾ റെയിൽവേ അധികൃതർ തുടങ്ങിയിട്ടുള്ളത്.

വിഴിഞ്ഞംന്മരാജ്യാന്തര തുറമുഖത്തെ പുലിമുട്ടിനോടനുബന്ധിച്ചു പണിയുന്ന വിവിധോദ്ദേശ്യ ചെറു ബെർത്തുകളിൽ ലിക്വിഡ് കാർഗോ ബെർത്തും വരും.

ഭക്ഷ്യ എണ്ണ, ഇന്ധനം തുടങ്ങിയവ കരയിലേക്ക് എളുപ്പത്തിൽ പമ്പു ചെയ്തു ടാങ്കുകളിൽ സംഭരിക്കുന്നതു ലക്ഷ്യമിട്ടുള്ളവതാണിത്

# വിഴിഞ്ഞത്തെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതി നീളുന്നു

**വിഴിഞ്ഞം:** തീരദേശത്ത് ആരംഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതിയോടനുബന്ധിച്ചമന്ദിരം സജ്ജമായെങ്കിലും മെഷീനുകൾ എത്താത്തതിനാൽ പ്രവർത്തനാരംഭം വൈകുന്നു. അദാനി തുറമുഖ കമ്പനിയുടെ സിഎസ്ആർ ഫണ്ട്,വിഴിഞ്ഞം രാജ്യാന്തര തുറമുഖ കമ്പനി(വിസിൽ),നഗരസഭ എന്നിവ ചേർന്നു നടപ്പാക്കുന്ന പദ്ധതിയിൽ യന്ത്രങ്ങൾ വാങ്ങി നൽകേണ്ടത് ക്ലീൻ കേരള മിഷൻ ആണ്. പണം ലഭ്യമാകാത്തതിനാൽ യന്ത്രസന്നാഹങ്ങൾ വാങ്ങാനാകുന്നില്ലെന്നു ക്ലീൻ കേരള മിഷൻ അധികൃതർ പറയുന്നു. അതേസമയം ഒരു കോടി 10 ലക്ഷത്തോളം വകയിരുത്തിയിട്ടുള്ള പദ്ധതിയുടെ ഏകദേശം പണവും നൽകി കഴിഞ്ഞതായി ബന്ധപ്പെട്ടവർ പറഞ്ഞു.

കോർപറേഷൻ, വിസിൽ അധികൃതർക്ക് ഇതു സംബന്ധിച്ചു കത്തു നൽകി കാത്തിരിക്കെയാണെന്നു ക്ലീൻ കേരള മിഷൻ അധികൃതർ വിശദീകരിച്ചു. നടത്തിപ്പ് ക്ലീൻ കേരള മിഷനും പരിപാലനം നഗരസഭയ്ക്കുമാണ്. വിഴിഞ്ഞം തീരദേശ പൊലീസ് സ്റ്റേഷൻ റോഡിനു വശത്താണ് പദ്ധതി വരുന്നത്. നഗരസഭ വിഴിഞ്ഞം മേഖലയിലെ 5 വാർഡുകളിൽ നിന്നു ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം പ്ലാന്റിലെത്തിച്ച് സംസ്കരിച്ച് പുനരുപയോഗിക്കുന്നതാണ് പദ്ധതി. കട്ടകളായി മാറ്റുന്ന പ്ലാസ്റ്റിക് റോഡ് ടാറിങ്ങിനും തരികളുടെ രൂപത്തിലുള്ളവ മറ്റ് ഉൽപന്നങ്ങളാക്കി മാറ്റുമെന്നും ബന്ധപ്പെട്ടവർ പറഞ്ഞു. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ (എംആർഎഫ്) എന്ന പേരിലാണ് പദ്ധതി. വിഴിഞ്ഞം കോസ്റ്റൽ പൊലീസ് സ്റ്റേഷന് സമീപം ഹാർബർ എൻജിനീയറിങ് വകുപ്പ് നഗരസഭയ്ക്ക് ലഭ്യമാക്കിയ 15 സെന്റ് സ്ഥലത്താണ് പദ്ധതി.

# പെരിയാറിലെ ജലനിരപ്പ് അറിയാൻ ഓൺലൈൻ മോണിറ്ററിങ് സംവിധാനം



**ഏലൂർ:** പെരിയാറിലെ ജലനിരപ്പ് യഥാസമയം അറിയുന്നതിനു പാതാളം റഗുലേറ്റർ ബ്രിജിനു മുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി ഇറിഗേഷൻ വകുപ്പ്. ഇറിഗേഷൻ വകുപ്പിലെ ഹൈഡ്രോളജി വിഭാഗമാണ് ഓട്ടമാറ്റിക് വാട്ടർ ലെവൽ റെക്കോർഡർ (എഡബ്ല്യുഎൽആർ) സ്ഥാപിച്ചത്. 2020ൽ എടുത്ത തീരുമാനമാണ് 4 വർഷത്തിനു ശേഷം നടപ്പിലായത്.

കഴിഞ്ഞ ദിവസം വരെ പുഴയിൽ റഗുലേറ്റർ ഷട്ടറിനുതാഴെ തൂണിനു സമീപം സ്ഥാപിച്ചിട്ടുള്ള മീറ്റർ സ്കെയിൽ നോക്കിയാണ് ദിവസത്തിൽ 4 നേരം ഉദ്യോഗസ്ഥർ ജലനിരപ്പ് രേഖപ്പെടുത്തിയിരുന്നത്. റഗുലേറ്ററിന്റെ യഥാസമയത്തുള്ള നിയന്ത്രണത്തിന് ഇപ്പോഴത്തെ സംവിധാനം സഹായിക്കുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. മലയാറ്റൂരിലും ഭൂതത്താൻകെട്ടിലും ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ലെന്നാണ് ഉദ്യോഗസ്ഥരുടെ അഭിപ്രായം.

## സെമിനാർ സംഘടിപ്പിക്കും

**കൊച്ചി:** ജില്ലാ സൈനിക ക്ഷേമ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ആലുവ, പറവൂർ താലൂക്കുകളിൽ താമസിക്കുന്ന വിമുക്ത ഭടന്മാർക്കും അവരുടെ ആശ്രിതർക്കുമായി സെമിനാർ സംഘടിപ്പിക്കുന്നു. നവംബർ 10 ന് രാവിലെ 11 മുതൽ ഉച്ചക്ക് ഒന്നു വരെ ആലുവയിലുള്ള ജില്ലാ പോലീസ് കോഓപ്പറേറ്റീവ് സൊസൈറ്റി ഹാളിലാണ് സെമിനാർ. വിവിധ സൈനിക ക്ഷേമ, പുനരധിവാസ, പദ്ധതികളെകുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സംശയ നിവാരണത്തിനും ഈ അവസരം പ്രയോജനപ്പെടുത്താമെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു.ഫോൺ: 0484 2422239

## സാനിറ്റേഷൻ വർക്കർ ജോലി ഒഴിവ്

**കൊച്ചി:** ജില്ലാ ആയുർവേദ ആശുപത്രിയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. നിയമനം ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും. ഏഴാം ക്ലാസും, എഴുതാനും വായിക്കാനുമുള്ള കഴിവും ഉണ്ടാകണം. അപേക്ഷകർ അഞ്ച് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ, തിരിച്ചറിയൽ , വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ രേഖകളും അവയുടെ ഓരോ പകർപ്പും സഹിതം നവംബർ ആറിന് രാവിലെ 11 ന് സ്ഥാപന മേധാവി മുമ്പാകെ ഹാജരാകണം. ഫോൺ: 0484 2365933

## അസിസ്റ്റൻറ് / അക്കൗണ്ടൻറ് കരാർ നിയമനം

**കൊച്ചി:** തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റിയുടെ ഓഫീസിൽ കരാർ വ്യവസ്ഥയിൽ അക്കൗണ്ടന്റ്/ അസിസ്റ്റന്റ് തസ്തികയിൽ ഒരു ഒഴിവ് . യോഗ്യത സി എ ഇന്റർ /ഐസിഎംഎ, അക്കൗണ്ടിങ്ങിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം.പ്രായപരിധി 1836.അപേക്ഷ നവംബർ 15നു മുമ്പ് vyttilamobiltiyhubsocitey@gmail.com എന്ന വിലാസത്തിൽ സമർപ്പിക്കുക. ഫോൺ: 0484 2306511

## നിർമല കോളേജിന് ഹരിത വിദ്യാലയ പുരസ്കാരം



**മൂവാറ്റുപുഴ:** നിർമല കോളേജിന് (ഓട്ടോണോമസ്) ആവോലി ഗ്രാമ പഞ്ചായത്തിന്റെ ഹരിത വിദ്യാലയ പുരസ്കാരം ലഭിച്ചു. ആവോലി ഗ്രാമ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച ഹരിത വിദ്യാലയ പുരസ്കാര പ്രഖ്യാപന ചടങ്ങിൽ ആവോലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷെൽമി ജോൺസ് കോളേജിന് പുരസ്കാരം സമ്മാനിച്ചു. കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ പുരസ്കാരം ഏറ്റുവാങ്ങി. മുൻപ് നിർമല കോളേജിനെ ഹരിത കേരള മിഷൻ ഗ്രീൻ ക്യാമ്പസായി പ്രഖ്യാപിച്ചിരുന്നു. വിവിധ പരിശോധനയിൽ കോളേജിന് എ പ്ലസ് ഗ്രേഡ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആവോലി പഞ്ചായത്തിന്റെ ഹരിത വിദ്യാലയ പുരസ്കാരം. കോളേജ് എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ. സംഗീത നായർ, എൻ എസ് എസ് വോളണ്ടിയർമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# വീട് നിർമ്മാണം പൂർത്തീകരിച്ചില്ല, കരാറുകാരന് 73,000/ രൂപ പിഴചുമത്തി ഉപഭോക്തൃ കമ്മീഷൻ

**കൊച്ചി:** കരാർ ഏറ്റെടുത്തതിനു ശേഷം വീട് നിർമ്മാണം പൂർത്തിയാക്കാതിരുന്ന എതിർകക്ഷിയുടെ നടപടി സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ.എറണാകുളം, കൂവപ്പാടം സ്വദേശി രാജേശ്വരി സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

പരാതിക്കാരിയുടെ വീടിനോടു ചേർന്ന് ഒരു മുറിയും അടുക്കള ഭാഗവും വലുതാക്കാൻ ആയി എറണാകുളം സ്വദേശിയായ കെന്നി ഫർണാണ്ടസിനെ സമീപിച്ചു. 3.69 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എതിർകക്ഷി തയ്യാറാക്കി. 1.10 ലക്ഷം രൂപ പരാതിക്കാരി നിർമ്മാണത്തിനായി എതിർകക്ഷിക്ക് നൽകി. എന്നാൽ വീടിന്റെ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച് എതിർകക്ഷി കടന്നുകളഞ്ഞു എന്നാണ് പരാതി.പലപ്രാവശ്യം ഫോൺ ചെയ്തിട്ടും പോലീസിൽ പരാതി നൽകിയിട്ടും നിർമ്മാണം പൂർത്തിയാക്കാൻ എതിർകക്ഷി കൂട്ടാക്കിയില്ല.

തുടർന്ന് വനിതാ കമ്മീഷനിൽ പരാതി സമർപ്പിച്ചപ്പോൾ 35 ,000 രൂപ എതിർകക്ഷി പലതവണകളായി തിരികെ നൽകി. ബാക്കി ലഭിക്കേണ്ട 65,000 രൂപ എതിർകക്ഷിയിൽ നിന്ന് ഈടാക്കി നൽകണം എന്ന് ആവശ്യപ്പെട്ടാണ് പരാതിക്കാരി കോടതിയെ സമീപിച്ചത്.

' അധാർമികമായ വ്യാപാര രീതിയും സേവനത്തിൽ ന്യൂനതയും എതിർ കക്ഷിയുടെ ഭാഗത്തു കണ്ടെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു. പരാതിക്കാരി അനുഭവിച്ച മന:ക്ലേശത്തിനും ബുദ്ധിമുട്ടുകൾക്കും എതിർക്ഷി ഉത്തരവാദിയാണെന്ന് ഡി. ബി ബിനു അധ്യക്ഷനും, വി. രാമചന്ദ്രൻ, ടി എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് വിലയിരുത്തി.

പരാതിക്കാർക്ക് ബാക്കി നൽകാനുള്ള 65000 രൂപ 5,000 രൂപ നഷ്ടപരിഹാരം, 3000 രൂപ , കോടതി ചെലവ് എന്നിവ 45 ദിവസത്തിനകം എതിർകക്ഷി പരാതികാരിക്ക് നൽകണമെന്നു നിർദേശിച്ചു.

# ജനകീയ പിന്തുണയോടെ പൊതുവിദ്യാഭ്യാസ ഗുണനിലവാരം വർധിപ്പിക്കും : മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ജനപങ്കാളിത്തത്തോടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പരിപാടി രൂപീകരിക്കുകയാണെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. 202425 അക്കാദമിക വർഷം 8ാം ക്ലാസ്സിലും 202526 അക്കാദമിക വർഷം 8, 9 ക്ലാസ്സുകളിലും 202627 അക്കാദമിക വർഷം 8, 9, 10 ക്ലാസ്സുകളിലും പൊതുപരീക്ഷയിൽ സബ്ജക്ട് മിനിമം നടപ്പാക്കുന്നതിനും നിരന്തര മൂല്യ നിർണ്ണയത്തിൽ തികഞ്ഞ ജാഗ്രത പുലർത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. മെരിറ്റ് മാത്രം പരിഗണിക്കുന്നതിനായി പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഓരോ വിദ്യാലയത്തേയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള പദ്ധതികളും പ്രവർത്തനങ്ങളും ആരംഭിക്കുകയും അവ കാര്യക്ഷമമായി നടപ്പിലാക്കുകയും വേണം. കഴിഞ്ഞ കാലങ്ങളിൽ നാം നടത്തിയ ക്രിയാത്മകമായ ഇടപെടലുകളുടെ ഫലമാണ് ഇന്ന് നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാണുന്നത്. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുക എന്ന പ്രധാനപ്പെട്ട സാമൂഹ്യ രാഷ്ട്രീയ ഉത്തരവാദിത്വം ഏറ്റെടുത്തതിന്റെ ഭാഗമായാണ് 2016ൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചതും തുടർച്ചയായി വിദ്യാകിരണം മിഷൻ നടപ്പാക്കിയതും. അതിനാലാണ് സംസ്ഥാനത്തെ ഭൂരിഭാഗം പൊതു വിദ്യാലയങ്ങളുടെയും അടിസ്ഥാന ഭൗതിക സാഹചര്യം മികച്ച നിലവാരത്തിലേക്ക് ഉയർന്നത്. ഈ ഭൗതിക സാഹചര്യങ്ങളെയും കൂടി ഉപയോഗപ്പെടുത്തി അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ഇത് മുൻനിർത്തിയാണ് സംസ്ഥാനത്ത് പാഠ്യപദ്ധതിയുടെ പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. കേവലമായ പാഠ്യപദ്ധതി നവീകരണത്തിന്റെയും പാഠപുസ്തക പരിഷ്കരണത്തിന്റെയും പ്രവർത്തനങ്ങൾ കൊണ്ടു മാത്രം ഗുണമേന്മ വർദ്ധിപ്പിക്കാൻ കഴിയില്ല. വിദ്യാലയങ്ങളിൽ അത് കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. ഓരോ പരീക്ഷയ്ക്കു ശേഷവും ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിൽ പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി പരിഹാര മാർഗങ്ങൾ തേടി കുട്ടികൾ നിശ്ചിത ശേഷികൾ നേടുന്നുണ്ട് എന്ന് ചുമതലയുള്ള ടീച്ചർമാർ ഉറപ്പുവരുത്തണമെന്ന് മന്ത്രി അറിയിച്ചു.

ഓരോ വിദ്യാലയത്തിലെയും എല്ലാ കുട്ടികൾക്കും പഠന പിന്തുണ ലഭിച്ചിട്ടുണ്ടെന്ന് പ്രഥമാധ്യാപകൻ ഉറപ്പുവരുത്തണം. പാദ, അർദ്ധ, വാർഷിക പരീക്ഷകൾക്കു ശേഷമുള്ള ദിവസങ്ങളിൽ പരിഹാരബോധന പ്രവർത്തനങ്ങൾ സ്കൂളുകളിൽ സംഘടിപ്പിക്കണം. നിരന്തര മൂല്യനിർണ്ണയ പ്രക്രിയ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഓരോ ക്ലാസ്സിലും പ്രവർത്തനരേഖ വികസിപ്പിക്കേണ്ടതാണ്. ഇത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്കീം ഓഫ് വർക്കിന്റെയും ടീച്ചർ ടെക്സ്റ്റിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. നിരന്തര മൂല്യനിർണ്ണയം സമഗ്രവും സുതാര്യവുമാക്കുന്നതിന് നിലവിൽ ഉപയോഗത്തിലിരിക്കുന്ന സഹിതം പോർട്ടലിനോടൊപ്പം സമഗ്ര പ്ലസ്സും ഉപയോഗപ്പെടുത്തേണ്ടതാണ്.

വിദ്യാഭ്യാസ ഗുണമേന്മ ഉറപ്പാക്കുന്നതിന് അധ്യാപകർ പ്രധാന പങ്ക് വഹിക്കുന്നതിനാൽ അധ്യാപന ശേഷി മെച്ചപ്പെടുത്താനാവശ്യമായ പരിശീലനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

# മലയാളം ഭരണഭാഷയാകുന്നത് ജനാധിപത്യത്തിന്റെ സൗന്ദര്യം

**ആലപ്പുഴ:** മലയാളം ഭരണഭാഷയാകുന്നത് ജനാധിപത്യത്തിന്റെ സൗന്ദര്യമാണെന്ന് എച്ച് സലാം എംഎൽഎ പറഞ്ഞു. കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് ജില്ലാ ഭരണകൂടവും വിവരപൊതുജനസമ്പർക്ക വകുപ്പും സംയുക്തമായി സംഘടിപ്പിച്ച മലയാളദിനാഘോഷത്തിന്റെയും ഭരണഭാഷാവാരാഘോഷത്തിന്റെയും ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭാഷ വെറും ആശയവിനിമയത്തിനു മാത്രമുള്ളതല്ല. മനുഷ്യർക്ക് തങ്ങളുടെ വികാരങ്ങൾ സംവദിക്കുവാനുള്ള ഏറ്റവും നല്ല ഉപാധി കൂടിയാണത്. ഭാഷയിൽ ജീവിക്കുന്നവരാണ് മനുഷ്യരെന്നും ഭാഷയില്ലെങ്കിൽ മനുഷ്യനില്ലെന്നും അദ്ദേഹം പറഞ്ഞു. നമ്മുടെ മാതൃഭാഷയായ മലയാളത്തെ കൂടുതൽ ശക്തമാക്കാനും വിപുലമാക്കുവാനും ബോധപൂർവമായ പരിശ്രമങ്ങളുണ്ടാകണമെന്നും എംഎൽഎ പറഞ്ഞു.

ജില്ലാ കളക്ടർ അലക്സ് വർഗീസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രമുഖ യുവ നോവലിസ്റ്റും തിരക്കഥാകൃത്തുമായ അഖിൽ പി ധർമജൻ മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി. രാജേശ്വരി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ കളക്ടർ അലക്സ് വർഗീസ് ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ഗ്രന്ഥകർത്താവും നാടകപ്രവർത്തകനുമായ മാലൂർ ശ്രീധരൻ, പത്താം ക്ലാസ് തുല്യതാ പരീക്ഷ എഴുതിയ സംസ്ഥാനത്തെ ഏറ്റവും പ്രായം കൂടിയ വ്യക്തിയും പ്ലസ് ടു പഠിതാവുമായ പി ഡി ഗോപിദാസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. മുഖ്യാതിഥി അഖിൽ പി ധർമജനെ എച്ച് സലാം എംഎൽഎ പൊന്നാട അണിയിക്കുകയും ജില്ലാ കളക്ടർ ഉപഹാരം സമ്മാനിക്കുകയും ചെയ്തു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ആശ സി എബ്രഹാം, ജസ്റ്റിൻ ജോസഫ്, ിറ്റി തിലകരാജ്, പി പ്രവീൺ, കെ. എസ്. സുമേഷ് എന്നിവർ സംസാരിച്ചു.

# റെഫ്യൂസ് കോംപാക്റ്ററുകൾ' ഓടിത്തുടങ്ങി

**കൊച്ചി :** ബ്രഹ്മപുരത്തേക്കു ജൈവ മാലിന്യം കൊണ്ടു പോകാനായി ലഭ്യമാക്കിയ കവചിത വാഹനങ്ങളായ 'റെഫ്യൂസ് കോംപാക്റ്ററുകൾ' ഓടിത്തുടങ്ങി. ഇന്നലെ 5 കോംപാക്റ്ററുകളാണു സർവീസ് നടത്തിയത്. 10 ടൺ ജൈവ മാലിന്യ ശേഷിയാണ് ഒരു കോംപാക്റ്ററിനുള്ളതെങ്കിലും ഇന്നലെ 8 ടൺ മാലിന്യം വീതമാണു കയറ്റിയത്. 5 കോംപാക്റ്ററുകൾ വഴി 40 ടൺ മാലിന്യം ഇന്നലെ ബ്രഹ്മപുരത്ത് എത്തിച്ചു. ബ്രഹ്മപുരത്തെ ബ്ലാക്ക് സോൾജ്യർ ഫ്ലൈ (പട്ടാളപ്പുഴു) പ്ലാന്റിലേക്ക് ജൈവ മാലിന്യമെത്തിക്കാനാണു നിലവിൽ റെഫ്യൂസ് കോംപാക്റ്ററുകൾ പ്രയോജനപ്പെടുത്തുക.

സ്മാർട് സിറ്റി പദ്ധതിയുടെ ഭാഗമായി കൊച്ചിൻ സ്മാർട് മിഷൻ ലിമിറ്റഡാണ് (സിഎസ്എംഎൽ) കോർപറേഷന് 15 റെഫ്യൂസ് കോംപാക്റ്ററുകൾ ലഭ്യമാക്കിയത്.ഘട്ടം ഘട്ടമായി മുഴുവൻ റെഫ്യൂസ് കോംപാക്റ്ററുകളും നിരത്തിലിറക്കും. ജൈവ മാലിന്യ നീക്കത്തിനു നിലവിൽ വാടകയ്ക്ക് എടുക്കുന്ന ലോറികളാണ് കോർപറേഷൻ ഉപയോഗിക്കുന്നത്.



ദുർഗന്ധം വമിക്കുന്ന ഈ തുറന്ന വാഹനങ്ങൾ മൂലം കോർപറേഷനു ചീത്തപ്പേരിനു പുറമേ വാടകയിനത്തിൽ വൻ സാമ്പത്തിക ചെലവുമുണ്ട്. മാലിന്യം നീക്കം റെഫ്യൂസ് കോംപാക്റ്ററുകൾ വഴിയാകുന്നതോടെ ഈയിനത്തിൽ കോർപറേഷന്റെ ചെലവ് പൂർണമായും ഒഴിവാക്കാനാകും.

## മാലിന്യമുക്ത നവകേരളത്തിനായി ജനകീയ കാമ്പയിൻ

# കേരളപ്പിറവിദിനത്തിൽ ഹരിത പ്രഖ്യാപനങ്ങളുമായി സംസ്ഥാനം

**തിരുവനന്തപുരം:** ശുചിത്വ കേരളം സുസ്ഥിര കേരളം ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്ന മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായുള്ള മാതൃകാ ഹരിത പ്രഖ്യാപനങ്ങൾ സംസ്ഥാനത്ത് കേരളപ്പിറവി ദിനത്തിൽ നടന്നു.

കേരളപ്പിറവി ദിനത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഹരിത ടൗണുകൾ, ഹരിത മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, ഹരിത ടൂറിസം കേന്ദ്രങ്ങൾ, ഹരിത വിദ്യാലയങ്ങൾ, ഹരിത സ്ഥാപനങ്ങൾ, ഹരിത കലാലയങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ തുടങ്ങിയവയാണ് ഹരിത പദവിയിലേക്ക് എത്തിയത്. 2024 നവംബർ 1 ന് 50766 അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിച്ചു. 18232 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായും, 903 ടൗണുകളെ ഹരിത ടൗണുകളായും പ്രഖ്യാപിച്ചു. 6952 വിദ്യാലയങ്ങളാണ് ഹരിത വിദ്യാലയ പദവിയിലെത്തിയത്. 537 പൊതുസ്ഥലങ്ങളെയും 458 കലാലയങ്ങളെയും ഹരിതമായി പ്രഖ്യാപിച്ചു. 68 വിനോദസഞ്ചാര കേന്ദ്രങ്ങളെയാണ് ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചത്.

2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം മുതൽ 2025 മാർച്ച് 30 വരെ (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം ) വരെയാണ് ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുക.

സംസ്ഥാനത്ത് കേരളപ്പിറവി ദിനത്തിൽ നടന്ന പ്രഖ്യാപന ചടങ്ങിൽ മന്ത്രിമാർ, എം.എൽ.എ മാർ, ജനപ്രതിനിധികൾ തുടങ്ങിയവരാണ് നേതൃത്വം നൽകിയത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ടൗണുകൾ, ടൂറിസം കേന്ദ്രങ്ങൾ എന്നിവ മാലിന്യമുക്തമാക്കി ഭംഗിയുള്ളതാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ വ്യാപാരി വ്യവസായി സംഘടനകൾ, ഗ്രന്ഥശാലകൾ, രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി സംഘടനകൾ, യുവജനപ്രസ്ഥാനങ്ങൾ , വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണത്തോടെ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ട്, ക്ലീൻ കേരള കമ്പനി, കില, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുടെ ഏകോപനത്തിൽ എല്ലാ ജനവിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെയാണ് ആറുമാസം നീണ്ടുനിൽക്കുന്ന ഈ ജനകീയ ക്യാമ്പയിൻ കേരളം ഏറ്റെടുത്തിരിക്കുന്നത്.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ കൊല്ലം ജില്ലയിൽ മുനിസിപ്പൽ കോർപ്പറേഷനിലെ ഹരിത പ്രഖ്യാപനങ്ങളും സാക്ഷ്യപത്ര വിതരണവും മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു. അലയമൺ ഗ്രാമപഞ്ചായത്തിലെ ഹരിത പ്രഖ്യാപനങ്ങൾ മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു. കൊല്ലം പന്മന ഗ്രാമപഞ്ചായത്തിലെ ഹരിത വിദ്യാലയ ഹരിത സ്ഥാപനങ്ങളുടെ പ്രഖ്യാപനങ്ങൾ ഡോ. സുജിത് വിജയൻപിള്ള എം.എൽ.എ. നിർവഹിച്ചു.

ഇടുക്കി ജില്ല മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ പ്രഖ്യാപനങ്ങളും സർട്ടിഫിക്കറ്റ് വിതരണവും മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു.

എറണാകുളം ജില്ലയിൽ സ്വാപ്പ് ഷോപ്പ്/ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററിന്റെയും ഹരിത അങ്കണവാടികളുടെയും പ്രഖ്യാപനം അനൂപ് ജേക്കബ് എം.എൽ.എ. നിർവഹിച്ചു.

കണ്ണൂർ നാറാത്ത് ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച ജനകീയ ക്യാമ്പയിൻ വിളംബര ഘോഷയാത്ര എം.എൽ.എ. കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്തു.

കോട്ടയം ജില്ലയിൽ കങ്ങഴ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച ശുചിത്വ ശൃംഖലയും ഹരിത സംഗമവും ഗവ. ചീഫ് വിപ്പ് ഡോ. എം. ജയരാജ് ഉദ്ഘാടനം ചെയ്തു.

പത്തനംതിട്ട ജില്ലയിൽ അടവി ഇക്കോ ടൂറിസം കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന്റെ ഉദ്ഘാടനം അഡ്വ. കെ.യു. ജനീഷ്കുമാർ എം.എൽ.എ. യും റാന്നി ഗ്രാമപഞ്ചായത്തിലെ ഹരിത അയൽക്കൂട്ട ഹരിത വിദ്യാലയ പ്രഖ്യാപനങ്ങൾ അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ യും നിർവഹിച്ചു.

തിരുവനന്തപുരം ജില്ലയിൽ വെള്ളറട ഗവ. യു.പി.എസ്. ഹരിത വിദ്യാലയ പ്രഖ്യാപനം സി. കെ. ഹരീന്ദ്രൻ എം.എൽ.എ. നിർവഹിച്ചു.

തൃശൂർ ജില്ലയിൽ ഗുരുവായൂർ ക്ഷേത്രത്തെ ഹരിത തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ച ചടങ്ങ് എൻ.കെ. അക്ബർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി നഗരസഭാ ഹരിത വിദ്യാലയം, ഹരിത സ്ഥാപനം പ്രഖ്യാപനങ്ങൾ കാനത്തിൽ ജമീല എം എൽ എ നിർവഹിച്ചു.

# കാൻസർ സേഫ് കേരള പദ്ധതി ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** കാൻസർ സേഫ് കേരള പദ്ധതിയുടെ ഭാഗമായുള്ള കാൻസർ അവബോധ പരിപാടികളുടെയും കാൻസർ രോഗനിർണയ ക്യാമ്പുകളുടെയും ഉദ്ഘാടനം പാങ്ങോട് മിലിട്ടറി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ സാലിൽ എം.പി ഭദ്ര ദീപം കൊളുത്തി നിർവഹിച്ചു.

സംസ്ഥാന സർക്കാരും , സ്വസ്തി ഫൗണ്ടേഷനും, നിംസ് മെഡിസിറ്റിയും, ശ്രീഗോകുലം മെഡിക്കൽ കോളജും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

സ്നേഹതാളം ജീവതാളം പദ്ധതിയുടെ ഉദ്ഘാടനവും ചടങ്ങിൽ നടന്നു. ഗോകുലം മെഡിക്കൽ കോളജ് എംഡി ഡോ. കെ.കെ .മനോജൻ പ്രധാനമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ നായർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ഡോ. തോമസ് മാത്യു,

ഡോ. ബിപിൻ ഗോപാൽ, അജയ്നാഥൻ, സർജിക്കൽ ലഫ്റ്റനൻറ് കമാൻൻറർ സുധിൻ സുന്ദർ, സ്പർജൻ കുമാർ ഐപിഎസ്, റിട്ട. ഐജി എസ് . ഗോപിനാഥ് , ഡോ. കെ രാംദാസ്, ഡോ .അനിൽ പീതാംബരൻ, അനുപമ രാമചന്ദ്രൻ, ഡോ. സാറ ഈശ്വ , കേണൽ രാജീവ് മണ്ണാലി, എബി ജോർജ് തുടങ്ങിയവർ ആശംസാ പ്രസംഗം നടത്തി.

# ശബരിമലയിൽ സുരക്ഷയ്ക്കായി 13,000ത്തിലധികം പോലീസുകാരെ നിയോഗിക്കും

**പത്തനംതിട്ട:** ശബരിമല ഒരുക്കങ്ങളുടെ അവലോകനം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. ജില്ലാ കളക്ടർ എസ്. പ്രേംകൃഷ്ണൻ നേതൃത്വം നൽകി. സുരക്ഷയ്ക്കായി 13,000ത്തിലധികം പോലീസുകാരെ നിയോഗിക്കും. പോലീസ് ടോൾ ഫ്രീ നമ്പർ 14432. പമ്പയുൾപ്പെടെ കുളിക്കടവുകളിൽ ആറു ഭാഷകളിലായി സുരക്ഷാബോർഡുകൾ സ്ഥാപിക്കും.

പാർക്കിംഗ് ഗ്രൗണ്ടുകളിൽ സുരക്ഷാ കാമറ, ഉച്ചഭാഷിണി മുന്നറിയിപ്പ് സംവിധാനം ഉറപ്പാക്കും. റോഡുകളിൽ അനധികൃത പാർക്കിംഗും തടികൾ മുറിച്ചിടുന്നതും നിരോധിച്ചു. പമ്പയിലും സന്നിധാനത്തും ഓരോ മണിക്കൂർ ഇടവിട്ട് കുടിവെള്ള പരിശോധനയുണ്ടാകും. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രി സേവനം നിലയ്ക്കലും പമ്പയിലുമുണ്ടാകും.

ഹോട്ടൽ തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്. വിലനിലവാര പട്ടിക പ്രദർശിപ്പിക്കും. കൃത്യമായ അളവുതൂക്ക പരിശോധനയുണ്ടാകും. എക്സൈസ് കൺട്രോൾ റൂം അടൂരും കോന്നിയിലും പ്രവർത്തിക്കും. 450ഓളം ബസുകൾ കെഎസ്ആർടിസി നിരത്തിലിറക്കും. 241 ബസുകൾ നിലയ്ക്കൽപമ്പ സർവീസ് നടത്തും. പമ്പയിൽ തുണി ഒഴുക്കുന്നത് വിശ്വാസത്തിൻറെ ഭാഗമല്ല എന്ന അവബോധം നൽകുമെന്ന് കളക്ടർ വ്യക്തമാക്കി.

ശബരിമല എഡിഎം അരുൺ എസ്. നായർ, സബ് കളക്ടർ സുമിത് കുമാർ ഠാക്കൂർ, ജില്ലാ പോലീസ് മേധാവി വി.ജി. വിനോദ് കുമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ആയുർവേദദിനം; ഫുഡ് എക്സ്പോയും സെമിനാറും നടത്തി

**തൃശൂർ:** വർധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾക്കു മരുന്ന് മാത്രമല്ല ചികിത്സയെന്നും അതിനെ ചെറുക്കാൻ ആയുർവേദം അനുശാസിക്കുന്ന ജീവിതക്രമീകരണങ്ങൾക്കു സാധിക്കുമെന്നും പി. ബാലചന്ദ്രൻ എം എൽഎ. ആയുർവേദദിനത്തിൻറെ ജില്ലാതല പരിപാടികളുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് ടൗൺഹാ ളിൽ ആയുർവേദ ഫുഡ് എക്സ് പോയും സെമിനാറും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ ബൗദ്ധപാരമ്പര്യത്തിൻറെ സംഭാവനയാണ് ആയുർവേദപാരമ്പര്യമെന്നും അതിനെ പ്രത്യേക സമൂഹത്തിൻറെ ഭാഗമാക്കി ചുരുക്കുവാനുള്ള ശ്രമങ്ങളെ ചെറുത്തുതോൽപ്പിക്കണമെന്നും മുഖ്യപ്രഭാഷണത്തിൽ സംഗീതനാടക അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി അഭിപ്രായപ്പെട്ടു.

എക്സ്പോയിൽ ആരോഗ്യജീവിതശൈലീരോഗങ്ങൾ സംബന്ധിച്ച പ്രദർശനവും ചർച്ചയും ഔഷധസസ്യപ്രദർശനവും നടന്നു. ആയുർവേദദിനത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളുടെ വിജയികൾക്കു സമ്മാനദാനവും നടത്തി.

ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളജ്, ചെറുതുരുത്തി പിഎൻഎൻഎം ആയുർവേദ കോളജ് എന്നിവ എക്സ്പോയ്ക്കു നേതൃത്വം നൽകി.ഭാരതീയ ചികിത്സാവകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഇ.എ സോണിയ അധ്യക്ഷത വഹിച്ചു. നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ശരണ്യ, ഡിഎംഒ (ആരോഗ്യം) ഡോ. ശ്രീദേവി, ഡോ. സ്മിനി മുഞ്ഞേലി, ഡോ. ഹനിനി എം. രാജ്, ഡോ. സി.എ. ബിമൽ, ഡോ. ലെസ്ലി വില്ലി എന്നിവർ സംസാരിച്ചു.

# ജിഎസ്ടി പിരിവിലെ വളർച്ചാനിരക്കിൽ കേരളം രണ്ടാംസ്ഥാനത്ത്

## ഒക്ടോബറിൽ കുതിപ്പ് 20%, കേന്ദ്രവിഹിതം 19,046 കോടി

**തിരുവനന്തപുരം:** രാജ്യത്ത് ജിഎസ്ടി സമാഹരണ വളർച്ചാനിരക്കിൽ ഒക്ടോബറിൽ കേരളം രണ്ടാം സ്ഥാനത്ത്. 20 ശതമാനമാണ് കേരളത്തിന്റെ വളർച്ച. 30% വർധന രേഖപ്പെടുത്തിയ ലഡാക്ക് ആണ് ഒന്നാമത്. അതേസമയം, വലിയ (മേജർ) സംസ്ഥാനങ്ങളെ മാത്രം പരിഗണിച്ചാൽ കേരളമാണ് വളർച്ചാനിരക്കിൽ മുന്നിൽ. 17% വളർച്ച രേഖപ്പെടുത്തിയ ഗുജറാത്താണ് ഈ വിഭാഗത്തിൽ തൊട്ടടുത്തുള്ളത്. ദക്ഷിണേന്ത്യയിൽ ആന്ധ്രാപ്രദേശ് 12%, കർണാടക 9%, തെലങ്കാന 7%, തമിഴ്നാട് 4% എന്നിങ്ങനെ വളർച്ച രേഖപ്പെടുത്തി. ലക്ഷദ്വീപ് കുറിച്ചത് 13 ശതമാനം ഇടിവാണ്. 2023 ഒക്ടോബറിലെ 2,418 കോടി രൂപയിൽ നിന്നാണ് 20% വർധിച്ച് കഴിഞ്ഞമാസം കേരളത്തിലെ ചരക്ക്സേവന നികുതി (ജിഎസ്ടി) പിരിവ് 2,896 കോടി രൂപയിലെത്തിയത്.

അതേസമയം, ദേശീയതലത്തിൽ 1.87 ലക്ഷം കോടി രൂപയാണ് കഴിഞ്ഞമാസം ജിഎസ്ടിയായി പിരിച്ചത്. 2023 ഒക്ടോബറിലെ 1.72 ലക്ഷം കോടി രൂപയേക്കാൾ 8.9% അധികം. 1.73 ലക്ഷം കോടി രൂപയായിരുന്നു ഇക്കഴിഞ്ഞ സെപ്റ്റംബറിൽ പിരിച്ചെടുത്തത്. കഴിഞ്ഞമാസത്തെ സമാഹരണത്തിൽ 33,821 കോടി രൂപ കേന്ദ്ര ജിഎസ്ടിയും (സിജിഎസ്ടി), 41,864 കോടി രൂപ സംസ്ഥാന ജിഎസ്ടിയുമാണ് (എസ്ജിഎസ്ടി). സംയോജിത ജിഎസ്ടിയായി (ഐജിഎസ്ടി) 99,111 കോടി രൂപ പിരിച്ചു. സെസ് ഇനത്തിൽ സമാഹരിച്ചത് 12,550 കോടി രൂപ.

നടപ്പുവർഷം (202425) ഏപ്രിൽ മുതൽ ഒക്ടോബർ വരെ ആകെ ജിഎസ്ടിയായി സമാഹരിച്ചത് 12.74 ലക്ഷം കോടി രൂപയാണ്. മുൻവർഷത്തെ സമാനകാലത്തെ 11.64 ലക്ഷം കോടി രൂപയെ അപേക്ഷിച്ച് 9.4% അധികം. നടപ്പുവർഷം ഏപ്രിലിൽ ലഭിച്ച 2.10 ലക്ഷം കോടി രൂപയാണ് ജിഎസ്ടിയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ സമാഹരണം. 2017 ഏപ്രിൽ ഒന്നിനായിരുന്നു ജിഎസ്ടി പ്രാബല്യത്തിൽ വന്നത്. കഴിഞ്ഞമാസവും ഏറ്റവുമധികം ജിഎസ്ടി സമാഹരിക്കപ്പെട്ട സംസ്ഥാനം വാണിജ്യതലസ്ഥാനമായ മുംബൈ ഉൾപ്പെടുന്ന മഹാരാഷ്ട്രയാണ് (30,030 കോടി രൂപ). കർണാടക 13,081 കോടി രൂപയുമായി രണ്ടാമതും ഗുജറാത്ത് 11,407 കോടി രൂപയുമായി മൂന്നാമതുമാണ്. ഒരുകോടി രൂപ മാത്രം പിരിച്ചെടുത്ത ലക്ഷദ്വീപിന്റെ പങ്കാണ് ഏറ്റവും കുറവ്.

സംസ്ഥാന ജിഎസ്ടി (എസ്ജിഎസ്ടി), സംയോജിത ജിഎസ്ടിയിലെ (ഐജിഎസ്ടി) സംസ്ഥാന വിഹിതം എന്നീയിനങ്ങളിൽ കേന്ദ്ര വിഹിതമായി കേരളത്തിന് നടപ്പുവർഷം ഒക്ടോബർ വരെ 19,046 കോടി രൂപ കേന്ദ്രം നൽകി. മുൻവർഷത്തെ സമാനകാലത്തെ 18,370 കോടി രൂപയേക്കാൾ 4 ശതമാനം അധികമാണിത്.

# ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു

**കൊച്ചി** : മൂന്നാമത് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു. 2023 നവംബർ ഒന്നിനും 2024 ഒക്ടോബർ 31നുമിടയിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള മൗലിക രചനകളാണ് പുരസ്കാരത്തിന് പരിഗണിക്കുക. ഒരു ലക്ഷം രൂപയും ശിൽപവുമടങ്ങുന്നതാണ് പുരസ്കാരം.വായനക്കാർക്കു പരമാവധി 3 പുസ്തകങ്ങൾ വരെ നിർദ്ദേശിക്കാം. പുസ്തകം നിർദ്ദേശിക്കാനുള്ള ലിങ്ക്: https://www.federalbank.co.in/federal-bank-literary-award

വായനക്കാരും പ്രസാധകരും നിർദ്ദേശിച്ച പുസ്തകങ്ങളിൽ നിന്ന് തയ്യാറാക്കുന്ന ചുരുക്കപ്പട്ടിക വിദഗ്ധരടങ്ങുന്ന ജൂറി വിലയിരുത്തിയാണ് പുരസ്കാരത്തിന് അർഹമായ കൃതി തെരഞ്ഞെടുക്കുക. കോഴിക്കോട് ബീച്ചിൽ നടക്കുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ 2025 വേദിയിൽ വച്ച് പുരസ്കാരം സമ്മാനിക്കും.കെ വേണുവിന്റെ ആത്മകഥയായ ഒരന്വേഷണത്തിന്റെ കഥ, സാറാ ജോസഫ് എഴുതിയ കറ എന്നീ കൃതികളാണ് കഴിഞ്ഞ വർഷങ്ങളിൽ ഫെഡറൽ ബാങ്ക് സാഹിത്യപുരസ്കാരത്തിന് അർഹമായത്.പുസ്തകങ്ങൾ നിർദ്ദേശിക്കാനുള്ള അവസാന തീയതി നവംബർ 15.

# 600 കോടി വരുമാനം ലക്ഷ്യമിട്ട് വെരാന്ദ ലേണിങ് സൊല്യൂഷൻസ്

**കൊച്ചി:** എജുക്കേഷൻ ടെക്നോളജി കമ്പനിയായ വെരാന്ദ ലേണിങ് സൊല്യൂഷൻസ് ഈ സാമ്പത്തിക വർഷം 600 കോടി രൂപയുടെ വരുമാനം ലക്ഷ്യമിട്ട് പ്രവർത്തനം വിപുലീകരിക്കുന്നു. പുതിയ വികസന പദ്ധതികൾക്കായി 1000 കോടി രൂപ വരെ കടമെടുക്കാൻ കമ്പനിയുടെ വാർഷിക പൊതുയോഗം അനുമതി നൽകിയിട്ടുണ്ട്.

Veranda

നടപ്പുസാമ്പത്തിക വർഷം ആദ്യ പാദത്തിൽ കമ്പനിയുടെ പ്രവർത്തന വരുമാനം 72.69 ശതമാനം വർധിച്ച് 118.99 കോടി രൂപയിലെത്തി. 2018ൽ സ്ഥാപിച്ച കമ്പനിയുടെ 55 ശതമാനം ഓഹരികളും കൽപ്പാത്തി എജിഎസ് ഗ്രൂപ്പിന്റേതാണ്. പുതിയ ഗ്രൂപ്പ് ചീഫ് ഓപറേറ്റിങ് ഓഫീസറായി ആദിത്യ മാലികിനെ നിയമിച്ചു. കമ്പനിയുടെ പുതിയ ഡയറക്ടർമാരായി പ്രൊഫ. ജിതേന്ദ്ര കാന്തിലാൽ ഷാ, പ്രൊഫ. അശോക് മിശ്ര, എൻ അലമേലു എന്നിവരേയും നിയമിച്ചു.




# മെറിലിന്റെ അത്യാധുനിക നിർമ്മാണ കേന്ദ്രം തുറന്നു

**കൊച്ചി:** രാജ്യത്തെ പ്രമുഖ ആഗോള മെഡ്ടെക് കമ്പനികളിലൊന്നായ മെറിൽ പി എൽ ഐ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച അത്യാധുനിക നിർമ്മാണ കേന്ദ്രം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. മെറിൽ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്രഭായ് പട്ടേൽ പങ്കെടുത്തു. പ്രമുഖ മെഡിക്കൽ ഉപകരണ നിർമ്മാണ കമ്പനിയും കയറ്റുമതിക്കാരുമായ മെറിൽ, മെഡ്ടെക് രംഗത്ത് ഉയർന്ന ഗുണനിലവാരമുള്ള 'മേക്ക് ഇൻ ഇന്ത്യ' ഉപകരണങ്ങൾ നിർമ്മിക്കുന്നതിലൂടെ വിദേശ ഇറക്കുമതിയെ ആശ്രയിക്കുന്നത് ഗണ്യമായി കുറയ്ക്കുകയും ആത്മനിർഭർ ഭാരത് എന്ന രാജ്യത്തിന്റെ ലക്ഷ്യത്തിന് പിന്തുണ നൽകുകയും ചെയ്തുവരികയാണ്. 2024ലെ വൈബ്രന്റ് ഗുജറാത്ത് ഉച്ചകോടിയിൽ ഗുജറാത്ത് സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ച മെറിൽ, മെഡിക്കൽ ഉപകരണ മേഖലയിൽ അടുത്തിടെ നടത്തിയ 910 കോടി രൂപയുടെ നിക്ഷേപം ഉൾപ്പെടെ ഇതിനകം 1,400 കോടിയിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്.ആരോഗ്യ പരിപാലന രംഗത്ത് സ്വാശ്രയത്വം കൈവരിക്കുന്നതിനുള്ള രാജ്യത്തിന്റെ ശ്രമങ്ങളുമായി സഹകരിക്കുന്നതിൽ അഭിമാനമുണ്ടെന്ന് മെറിൽ സിഇഒ, വിവേക് ഷാ പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് corpcomm@merilllife.com സന്ദർശിക്കുക.

# സംവത്2081ലേക്ക് നേട്ടത്തോടെ നിഫ്റ്റിയും സെൻസെക്സും

**മുംബൈ:** ഉത്തരേന്ത്യൻ ഹൈന്ദവ വിശ്വാസപ്രകാരമുള്ള പുതുവർഷമായ സംവത്2081ലേക്ക് നേട്ടത്തോടെ ചുവടുവച്ച് ഇന്ത്യൻ ഓഹരി വിപണി. സംവത്2081ലെ വ്യാപാരത്തിന് തുടക്കംകുറിച്ച് ഇന്നലെ നടന്ന ഒരു മണിക്കൂർ മുഹൂർത്ത വ്യാപാരത്തിൽ സെൻസെക്സ് 335.06 പോയിന്റ് (+0.42%) ഉയർന്ന് 79,724.12ലും നിഫ്റ്റി 99 പോയിന്റ് (+0.41%) നേട്ടവുമായി 24,304ലുമെത്തി. 80,023 പോയിന്റിലേക്ക് ഉയർന്നാണ് സെൻസെക്സ് ഇന്നലത്തെ പ്രത്യേക വ്യാപാരത്തിന് ആരംഭം കുറിച്ചതെങ്കിലും പിന്നീട് മയപ്പെട്ടു. ഒരുവേള 79,655 വരെ താഴുകയും ചെയ്തു. നിഫ്റ്റിയും 24,302ൽ തുടങ്ങി 24,368 വരെ ഉയർന്നശേഷമാണ് നേട്ടം നിജപ്പെടുത്തിയത്.

പുതുതായി വീട്, വസ്ത്രം, വാഹനം തുടങ്ങിയവ വാങ്ങാൻ ഏറ്റവും ശുഭകരമായ സമയമായി ഉത്തരേന്ത്യൻ ഹൈന്ദവർ വിശ്വസിക്കുന്നതാണ് മുഹൂർത്ത വ്യാപാരം. ഈ സമയത്ത് ഓഹരി വാങ്ങുന്നത് ഐശ്വര്യപൂർണമാകുമെന്ന് നിക്ഷേപകരും വിശ്വസിക്കുന്നു. വിശാല വിപണിയിൽ ഇന്ന് എല്ലാ വിഭാഗങ്ങളിലും ഓഹരി വാങ്ങാൻ നിക്ഷേപകർ തിരക്കുകൂട്ടി. നിഫ്റ്റി ഓട്ടോ 1.29%, പൊതുമേഖലാ ബാങ്ക് 0.75%, ഓയിൽ ആൻഡ് ഗ്യാസ് 0.99%, കൺസ്യൂമർ ഡ്യൂറബിൾസ് 0.90%, റിയൽറ്റി 0.68% എന്നിങ്ങനെ നേട്ടമുണ്ടാക്കി. ഒക്ടോബറിലെ മികച്ച വാഹന വിൽപനക്കണക്കുകൾ നിഫ്റ്റി ഓട്ടോയ്ക്ക് ഊർജമായി.

നിഫ്റ്റി50ൽ മഹീന്ദ്ര ആൻഡ് മഹീന്ദ്ര 3.59% ഉയർന്ന് നേട്ടത്തിൽ മുന്നിലെത്തി. ഒക്ടോബറിൽ മൊത്തം വാഹന വിൽപനയിൽ 20 ശതമാനവും എസ്!യുവി വിൽപനയിൽ 25 ശതമാനവും നേട്ടം കൈവരിച്ചത് മഹീന്ദ്ര ഓഹരികൾ ഇന്ന് ആഘോഷമാക്കുകയായിരുന്നു. ക്രൂഡ് ഓയിൽ വിലവർധനയുടെ പശ്ചാത്തലത്തിൽ ഒഎൻജിസി 2.95% മുന്നേറി രണ്ടാമതെത്തി. മോത്തിലാൽ ഓസ്വാളിൽ നിന്ന് 'വാങ്ങൽ' (ബൈ) സ്റ്റാറ്റസ് കിട്ടിയ പശ്ചാത്തലത്തിൽ അദാനി പോർട്സ് 1.32% ഉയർന്ന് നേട്ടത്തിൽ മൂന്നാമതുണ്ട്. ഐസിഐസിഐ ബാങ്ക്, വിപ്രോ, ഇൻഫോസിസ്, അദാനി എന്റർപ്രൈസസ്, ടെക് മഹീന്ദ്ര, ബ്രിട്ടാനിയ, എച്ച്സിഎൽ ടെക്, !ഡോ. റെഡ്ഡീസ് എന്നിവ 0.03 മുതൽ 0.96% വരെ നഷ്ടം നേരിട്ടു. നിഫ്റ്റി50ൽ ഇന്ന് ഈ എട്ട് ഓഹരികളാണ് നഷ്ടത്തിലായത്. 42 ഓഹരികൾ നേട്ടത്തിലേറി.

ബിഎസ്ഇയിൽ ഇന്ന് 3,648 ഓഹരികൾ വ്യാപാരം ചെയ്തതിൽ 3,036 എണ്ണവും പച്ചപ്പണിഞ്ഞു. 542 ഓഹരികൾ നഷ്ടത്തിലായിരുന്നു. 70 ഓഹരികളുടെ വില മാറിയില്ല. 118 ഓഹരികൾ 52ആഴ്ചത്തെ ഉയരവും 11 എണ്ണം താഴ്ചയും കണ്ടു. 336 ഓഹരികൾ അപ്പർസർക്യൂട്ടിലും 40 എണ്ണം ലോവർസർക്യൂട്ടിലും ആയിരുന്നു. ബിഎസ്ഇയിലെ കമ്പനികളുടെ സംയോജിത വിപണിമൂല്യം ഇന്ന് 3.26 ലക്ഷം കോടി രൂപ വർധിച്ച് 447.97 ലക്ഷം കോടി രൂപയിലുമെത്തി.

സെൻസെക്സിലും 3.29% ഉയർന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്രയാണ് മുന്നിൽ. അദാനി പോർട്സ് 1.26%, ടാറ്റാ മോട്ടോഴ്സ് 1.14% എന്നിങ്ങനെയും ഉയർന്നു. ടാറ്റയുടെ ഒക്ടോബറിലെ വിൽപന നേരിയതോതിൽ കുറഞ്ഞെങ്കിലും ഓഹരികൾ നേട്ടത്തിലേറി. ഐസിഐസിഐ ബാങ്ക്, ടെക് മഹീന്ദ്ര, എച്ച്സിഎൽ ടെക് എന്നിവയാണ് സെൻസെക്സിൽ നഷ്ടം നേരിട്ടവ.

പുതുതായി ഓഹരികൾ വാങ്ങാനും നിലവിലെ ഓഹരി പങ്കാളിത്തം ഉയർത്താനും ഐശ്വര്യപൂർണമായ സമയമെന്ന വിശ്വാസമാണ് പ്രധാനമായും മുഹൂർത്ത വ്യാപാരത്തെ നയിച്ചത്. കഴിഞ്ഞ 13 മുഹൂർത്ത വ്യാപാരങ്ങളിൽ 10ലും നേട്ടത്തോടെ വ്യാപാരം പൂർത്തിയാക്കാൻ ഇതോടെ സെൻസെക്സിനും നിഫ്റ്റിക്കും കഴിഞ്ഞു. 2023ലെ മുഹൂർത്ത വ്യാപാരത്തിൽ സെൻസെക്സ് 354 പോയിന്റും നിഫ്റ്റി 100 പോയിന്റുമാണ് ഉയർന്നത്. അന്ന് ബിഎസ്ഇയിലെ നിക്ഷേപക സമ്പത്ത് 322.48 ലക്ഷം കോടി രൂപയുമായിരുന്നു.

വിദേശ ധനകാര്യസ്ഥാപനങ്ങളുടെ (എഫ്ഐഐ) പിന്മാറ്റം, യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ അനിശ്ചിതത്വം, യുഎസിലെ സാമ്പത്തിക ചലനങ്ങൾ, ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ, കമ്പനികളുടെ പ്രവർത്തനഫലം തുടങ്ങിയ വെല്ലുവിളികളാകും വരുംദിവസങ്ങളിലും വിപണിയെ സ്വാധീനിക്കുക. എഫ്ഐഐകൾ ഒക്ടോബറിൽ റെക്കോർഡ് 1.14 ലക്ഷം കോടി രൂപയാണ് ഇന്ത്യൻ ഓഹരികളിൽ നിന്ന് പിൻവലിച്ചത്. ഇന്ത്യൻ ഓഹരി വിപണിയിൽ ചാഞ്ചാട്ടത്തിന്റെ സൂചന നൽകുന്ന ഇന്ത്യ വിക്സ് സൂചിക ഇന്നലെ 2.26% ഉയർന്ന് 15.90 ആയത്, നിക്ഷേപകർക്കിടയിൽ ഇപ്പോഴും ആശങ്കയുണ്ടെന്ന് വ്യക്തമാക്കുന്നു.

# ദീപാവലിക്ക് ആനുകൂല്യങ്ങളുമായി വി

കൊച്ചി: വി ആപ്പിൽ റീചാർജ് ചെയ്യുന്നവർക്ക് ഉറപ്പായ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച് മുൻ നിര ടെലികോം ഓപ്പറേറ്ററായ വി . ഉത്സവ ആനുകൂല്യങ്ങളുടെ ഭാഗമായി വി ആപ്പിൽ റീചാർജ് ചെയ്യുന്നവർക്ക് വീൽ കറക്കാൻ അവസരം ലഭിക്കുകയും 3499 രൂപ വരെ വാർഷിക റീചാർജ് അടക്കമുള്ള ഉറപ്പായ സമ്മാനങ്ങൾ ലഭിക്കുകയും ചെയ്യുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കുന്നു.

വി ഉപഭോക്താക്കൾക്ക് വേണ്ടിയുള്ള പ്രത്യേക ആനുകൂല്യങ്ങളിൽ 1ജിബി, 2ജിബി, 5ജിബി, 30ജിബി അധിക ഡാറ്റാ, പ്രമുഖ ഓൺലൈൻ പോർട്ടലുകളിൽ നിന്നുള്ള ഡിസ്കൗണ്ട് കൂപ്പൺ, 3499 രൂപയുടെ വാർഷിക റീചാർജ് പായ്ക്ക് തുടങ്ങിയവ ഉൾപ്പെടുന്നു. ഉപഭോക്താക്കൾക്ക് ഓരോ 48 മണിക്കൂറിനുള്ളിലും റീചാർജിന് ശേഷം വീൽ കറക്കി ലളിതമായ ചോദ്യത്തിന് ഉത്തരം നൽകി സമ്മാനങ്ങൾ നേടാം. വി ആപ്പിൽ മാത്രമായി നവംബർ 3 വരെയാണ് ഈ അനുകൂല്യങ്ങൾ ലഭിക്കുക. ഇതിന് പുറമെ വാർഷിക പ്രീപെയ്ഡ് പായ്ക്കുകൾ റീചാർജ് ചെയ്യുമ്പോൾ 100 രൂപ വരെയും അധികമായി 50ജിബി വരെയും തൽക്ഷണം ആനുകൂല്യങ്ങളും ലഭിക്കും.ഇതോടൊപ്പം വി ആപ്പ് വഴി വി ഷോപ്പിൽ മിന്ത്ര, ഫ്ളിപ്കാർട്ട്, ആമസോൺ, സോണി ലിവ് തുടങ്ങിയവ ജനപ്രിയ ബ്രാൻഡ് വൗച്ചറുകളിൽ 25 ശതമാനം വരെ കിഴിവുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു. ഐപിഒയിലൂടെ 12,500 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.2,500 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെ, ഓഹരി ഒന്നിന് പത്ത് രൂപ വീതം മുഖവിലയുള്ള 10,000 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ബിഎൻപി പാരിബാസ്, ബോഫാ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഗോൾഡ്മാൻ സാച്ച്സ് സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി, സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ്, യുബിഎസ് സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് എച്ച്ഡിഎഫ്സി ബാങ്ക്

**കൊച്ചി:**ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾക്കെതിരെ ഉപഭോക്താക്കൾ ജാഗ്രത പാലിക്കണമെന്ന് എച്ച്ഡിഎഫ്സി ബാങ്ക്. വ്യാജ അറസ്റ്റ് വാറണ്ട് കാട്ടിക്കൊണ്ട് സെറ്റിൽമെന്റ് ഫീസും മറ്റും തട്ടിയെടുക്കുന്ന രീതിയാണിത്. ഇത്തരം തട്ടിപ്പുകൾക്കെതിരെ അവബോധം സൃഷ്ടിക്കാനായി ബാങ്ക് പുതിയ ക്യാമ്പെയ്നുകൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

ജനങ്ങൾക്കിടയിൽ സൈബർ സുരക്ഷയെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, ആഗോളതലത്തിലും ഇന്ത്യയിലും ദേശീയ സൈബർ സുരക്ഷാ അവബോധ മാസം ആചരിക്കുന്നു. ഈ വർഷത്തെ കാമ്പെയ്ൻ തീം 'സൈബർ സുരക്ഷിത് ഭാരത്' ആണ്, ഇത് ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കേണ്ടതിന്റെയും സുരക്ഷിതമായ ബാങ്കിംഗ് രീതികൾ പിന്തുടരുന്നതിന്റെയും പ്രാധാന്യം ഊന്നിപ്പറയുന്നതാണ്. ആരെങ്കിലും ഓൺലൈൻ തട്ടിപ്പിന് ഇരയായാൽ, പേയ്മെന്റ് ചാനൽ ബ്ലോക്ക് ചെയ്യുന്നതിനായി അനധികൃത ഇടപാടുകൾ ഉടൻ തന്നെ ബാങ്കിൽ റിപ്പോർട്ട് ചെയ്യണം. ഉപഭോക്താക്കൾ ആഭ്യന്തര മന്ത്രാലയത്തിന്റെ 1930 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ വിളിച്ച് പരാതി നൽകുകയും ദേശീയ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലായ https://www.cybercrime.gov.in ൽ പരാതി നൽകുകയും വേണം.

# 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

**കൊച്ചി:** സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം നവംബർ 5ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്1/462/2024ഫിൻ. തിയതി 30.10.2024) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് www.finance.kerala.gov.in സന്ദർശിക്കുക.



# മത്സ്യ കർഷക ഉൽപ്പാദക കമ്പനി ഉദ്ഘാടനം ചെയ്തു

**കൊടുങ്ങല്ലൂർ :** നബാർഡിന്റെ സഹകരണത്തോടെ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്ടിന്റെ പങ്കാളിത്തത്തിൽ മത്സ്യ കർഷക ഉത്പാദക കമ്പനിയായ ബ്ലൂ പേൾ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ ചെറുകിട മത്സ്യകർഷകരുടെ സാമൂഹികസാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്ന ഒരു സംരംഭമാണ് മത്സ്യ കർഷക ഉത്പാദക കമ്പനി. കൂട് മൽസ്യകൃഷിക്കാരുടെ വരുമാനം വർധിപ്പിക്കുകയും മറ്റ് അനുബന്ധപ്രവർത്തനങ്ങൾ ശാക്തീകരിക്കാനും ഈ കമ്പനി ലക്ഷ്യമിടുന്നു.മൽസ്യമേഖല അതിവേഗം കുതിച്ചുകൊണ്ടിരിക്കുകയാണ്.

അതിനാൽ നമ്മുടെ മൽസ്യമേഖല സൺറൈസ് സെക്ടർ എന്നറിയപ്പെടുന്നുവെന്നും കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു.ബ്ലൂ പേൾ എഫ്.എഫ്പി.ഒ.യുടെ ഓഹരി ഉടമകൾക്ക് ഷെയർ സർട്ടിഫിക്കറ്റിന്റെ വിതരണവും ബ്ലൂ പേളിന്റെ ലോഗോയുടെയും ബ്രോഷറിന്റെയും പ്രകാശനവും ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നിർവ്വഹിച്ചു.കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ അഡ്വക്കേറ്റ് വി എസ് ദിനിൽ ചടങ്ങിൽ അധ്യക്ഷനായി. ഐ.സി.എആർ സിഫ്ട് ഉം കേരളത്തിൽ നിന്നും ആന്ധ്രാ പ്രദേശിൽ നിന്നുമുള്ള 7 ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളും അവരുടെ പ്രവർത്തനങ്ങളിലെ സാങ്കേതിക പിന്തുണയ്ക്കായി മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റ് ചടങ്ങിൽ കൈമാറി. ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായി മത്സ്യ മൂല്യവർദ്ധന പരിശീലന സെഷനുകൾ, മിനി എക്സ്പോ, സംരംഭക സംഗമം എന്നിവയും സംഘടിപ്പിച്ചു. ഐസി എ ആർ സിഫ്ട് ഡയറക്ടർ ഡോ.. ജോർജ് നൈനാൻ, സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും പ്രോജക്ട് ലീഡറുമായ ഡോ ആശാലത എസ്, നബാർഡ് ഡി ഡി എം സെബിൻ ആന്റണി തുടങ്ങിയവർ സംസാരിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com